# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുദാക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP 8 /1071/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുദാക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP 8 /1071/2022 തീയ്യതി: 30/06/2022

# തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 28-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2022 | 28-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.തനൂജ.എം.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രഞ്ജിത്ത്.സി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വിജയകുമാരി.ആർ.എസ് | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ശ്രീ.ചന്ദ്രബാബു.എ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.രാജേഷ്.എസ്.എസ് | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീമതി.അനിലകുമാരി.കെ.പി | സെക്രട്ടറി | 09-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സജ്ജാദ്.എസ്.എസ് | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.അനുചിത്ര .വി.എൽ | കൃഷി ഓഫീസർ (അഡീഷണൽ ചാർജ്ജ്) | 01-04-2020 | 12-05-2020 |
| ശ്രീമതി.ജാസ്മി.വൈ | കൃഷി ഓഫീസർ | 13-05-2020 | 07-12-2020 |
| ശ്രീമതി.അനശ്വര.ആർ.എസ് | കൃഷി ഓഫീസർ | 08-12-2020 | 01-02-2021 |
| ശ്രീമതി.അതിഭ.പി.ബി | കൃഷി ഓഫീസർ | 02-02-2021 | 31-03-2021 |
| ഡോ.ഡാലിയ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബീന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മേരി ഷൈനി .റ്റി.കെ | എെ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.സുബി സുകുമാരൻ | വി.ഇ.ഒ 1 | 01-04-2020 | 31-03-2021 |
| ശ്രീമതി.രജിത.റ്റി | വി.ഇ.ഒ 2 | 01-04-2020 | 31-03-2021 |
| ഡോ.ലക്ഷമി.ജി.ജി | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 01-04-2020 | 08-07-2020 |
| ഡോ.പി.ബി.പ്രദീപ് കുമാർ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 09-07-2020 | 31-03-2021 |
| ഡോ.ബിസ്റ്റി.എസ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.വിനീത.ആർ.പുഷ്കരൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗീതകുമാരി.കെ.കെ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.അൽക്കാ.എസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 27-06-2022)<br>Last Updated By: Renjith C (Auditor, On 28-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 28-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 28-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: THANUJA M.N. (Senior Grade Auditor, On 28-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-4 |
| 5 | ക്ഷേമപദ്ധതികൾ<br>Written By: THANUJA M.N. (Senior Grade Auditor, On 28-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 5,46,000/-രൂപ<br>Written By: THANUJA M.N. (Senior Grade Auditor, On 28-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-5-1 |
| 7 | വിധവാ പെൻഷൻ- തുക തിരികെ ഈടാക്കണം<br>Written By: Lathakumari M (Audit Officer, On 28-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-5-2 |
| 8 | ജനന, മരണ,വിവാഹ രജിസ്റ്ററുകൾ കാലികമാക്കി പരിപാലിച്ചിട്ടില്ല.<br>Written By: THANUJA M.N. (Senior Grade Auditor, On 28-06-2022)<br>Last Updated By: Lathakumari M (Audit Officer, On 28-06-2022) | 1-5-3 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Renjith C (Auditor, On 28-06-2022)<br>Last Updated By: Renjith C (Auditor, On 29-06-2022) | 1-6 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 28-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 28-06-2022) | 1-7 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Zeena K (Senior Grade Auditor, On 27-06-2022)<br>Last Updated By: Renjith C (Auditor, On 28-06-2022) | 1-8 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Zeena K (Senior Grade Auditor, On 28-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 28-06-2022) | 1-9 |
| 13 | രസീത് പരിശോധന, മുൻ വർഷത്തെ പിഴവുകൾ ആവർത്തിക്കപ്പെടുന്നു<br>Written By: Renjith C (Auditor, On 28-06-2022)<br>Last Updated By: Renjith C (Auditor, On 29-06-2022) | 1-10 |
| 14 | വസ്തുനികുതി -അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 28-06-2022)<br>Last Updated By: Renjith C (Auditor, On 28-06-2022) | 1-11 |
| 15 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Renjith C (Auditor, On 28-06-2022)<br>Last Updated By: Renjith C (Auditor, On 28-06-2022) | 1-12 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട അപാകങ്ങൾ<br>Written By: Renjith C (Auditor, On 28-06-2022)<br>Last Updated By: Renjith C (Auditor, On 28-06-2022) | 1-13 |

| | | |
|---|---|---|
| 17 | ലൈസൻസ്- ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല<br>Written By: Renjith C (Auditor, On 28-06-2022)<br>Last Updated By: Renjith C (Auditor, On 28-06-2022) | 1-13-1 |
| 18 | വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Renjith C (Auditor, On 28-06-2022)<br>Last Updated By: Renjith C (Auditor, On 28-06-2022) | 1-13-2 |
| 19 | ലൈസൻസ് ലഭിച്ച ആയുർവ്വേദ ക്ലിനിക് പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എടുത്തിട്ടില്ല.<br>Written By: Renjith C (Auditor, On 28-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 1-13-3 |
| 20 | വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകൽ കൃത്യമായി നടപ്പിലാക്കുന്നില്ല<br>Written By: Renjith C (Auditor, On 28-06-2022)<br>Last Updated By: Renjith C (Auditor, On 28-06-2022) | 1-14 |
| 21 | ഓഡിറ്റോറിയത്തിന്റെ വാടക രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല<br>Written By: Renjith C (Auditor, On 28-06-2022)<br>Last Updated By: Renjith C (Auditor, On 28-06-2022) | 1-15 |
| 22 | ആർദ്രം പദ്ധതി; ചെലവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Renjith C (Auditor, On 28-06-2022)<br>Last Updated By: Renjith C (Auditor, On 28-06-2022) | 1-16 |
| 23 | കിഴങ്ങു കൃഷി വികസനം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 28-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 1-17 |
| 24 | കുരുമുളക് കൃഷിവികസനം-സ്ഥലവിസ്തൃതിക്കാനുപാതികമായല്ല ആനുകൂല്യം നൽകിയത്<br>Written By: THANUJA M.N. (Senior Grade Auditor, On 28-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 1-18 |
| 25 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Lathakumari M (Audit Officer, On 28-06-2022)<br>Last Updated By: Renjith C (Auditor, On 28-06-2022) | 1-19 |
| 26 | പാഥേയം പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-150000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Zeena K (Senior Grade Auditor, On 27-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 1-20 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-625000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Zeena K (Senior Grade Auditor, On 28-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 1-21 |
| 28 | അടുക്കള മുറ്റത്ത് കോഴി വളർത്തൽ-മുട്ടക്കോഴി കുഞ്ഞുങ്ങളെ പൂർണ്ണമായും വിതരണം ചെയ്തതായി വ്യക്തതയില്ല.<br>Written By: Zeena K (Senior Grade Auditor, On 28-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-22 |
| 29 | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.<br>Written By: THANUJA M.N. (Senior Grade Auditor, On 28-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 1-23 |
| 30 | ഹരിത കർമ്മ സേന ഫീസ് രസീത്ബുക്കുകളുടെ സ്റ്റോക്ക് /വിതരണ രജിസ്റ്റർ ലഭ്യമാക്കിയില്ല -20700/-രൂപയുടെ ചെലവ് തടസ്സം<br>Written By: THANUJA M.N. (Senior Grade Auditor, On 28-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-06-2022) | 1-24 |

| | | |
|---|---|---|
| 31 | ഹരിത കർമ്മസേനാ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല<br>Written By: THANUJA M.N. (Senior Grade Auditor, On 28-06-2022)<br>Last Updated By: Renjith C (Auditor, On 29-06-2022) | 1-25 |
| 32 | വി. ഇ. ഒ. നടപ്പിലാക്കിയ വിവിധപദ്ധതികളുടെ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിരിക്കുന്ന രേഖകൾ അപൂർണ്ണം<br>Written By: THANUJA M.N. (Senior Grade Auditor, On 28-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 30-06-2022) | 1-26 |
| 33 | സംയുക്ത പ്രോജക്ട് മാർഗ്ഗരേഖ പാലിച്ചില്ല;-<br>Written By: Zeena K (Senior Grade Auditor, On 30-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 30-06-2022) | 1-27 |
| 34 | തെരുവ് വിളക്ക് പരിപാലനം-അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 28-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 30-06-2022) | 1-28 |
| 35 | വാഹന പരിപാലനം-അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 28-06-2022)<br>Last Updated By: Renjith C (Auditor, On 29-06-2022) | 1-29 |
| 36 | അസറ്റ് രജിസ്റ്റർ കാലികമല്ല.<br>Written By: Lathakumari M (Audit Officer, On 28-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 30-06-2022) | 1-30 |
| 37 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. 2118504 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lathakumari M (Audit Officer, On 28-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 30-06-2022) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 27-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Zeena K (Senior Grade Auditor, On 26-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 26-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 26-06-2022) | 4-3 |
| 4 | വായ്പാ / വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 26-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 30-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 27-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 27-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 27-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 27-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 27-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 27-06-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 27-06-2022) | 4-8 |

| | | |
|---|---|---|
| | Last Updated By: Zeena K (Senior Grade Auditor, On 27-06-2022) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Zeena K (Senior Grade Auditor, On 28-06-2022)<br>Last Updated By: Renjith C (Auditor, On 29-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathakumari M (Audit Officer, On 27-06-2022)<br>Last Updated By: Zeena K (Senior Grade Auditor, On 30-06-2022) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 16.03.2020 ലെ സാധാരണ യോഗത്തിന്റെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

1 ബജറ്റ് സംക്ഷിപ്തം

| | |
|---|---|
| മുന്നിരിപ്പ് | 6753211 |
| വരവ് | 285749940 |
| ആകെ | 292503151 |
| ചെലവ് | 284633780 |
| നീക്കിയിരിപ്പ് | 7869371 |

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

2 .ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവും ചെലവും തമ്മിൽ ഭീമമായ അന്തരം.

2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിവരം | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | 6753211 | 31961553 |
| തൻവർഷം വരവ് | 285749940 | 110145287 |
| ആകെ വരവ് | 292503151 | 142106840 |
| ചെലവ് | 284633780 | 112089153 |
| നീക്കിയിരിപ്പ് | 7869371 | 30017687 |

യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടത്.

3 ബജറ്റ് ഫയൽ ഹാജരാക്കിയിട്ടില്ല .

കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം 175 ാം വകുപ്പ് പ്രകാരം തയ്യാറാക്കുന്ന ബജറ്റിൽ

അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയതിയ്ക്കു മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആയതു പരിശോധിക്കുവാൻ സഹായകമാകുന്ന 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് ഫയൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിലാണോ പദ്ധതികൾക്ക് തുക വകയിരിത്തിയിരിക്കുന്നതെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്നതിന്റെ എല്ലാ വിവരവും ഉൾപ്പെട്ട ബജറ്റ് ഫയൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

4.വാർഷിക ധനകാര്യപത്രികയിലെ ഹെഡും ബജറ്റിലെ ഹെഡും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു .ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Head Code In Buget | Item | Head Code In AFS | Item |
|---|---|---|---|
| 2501003 | Agricultural Related Programs | 250100301 | Vegetable-Seed Distributions |
| 2501004 | Agricultural Related Sectors-Animal Husbandry | 250100401 | Plantain-Tender Plants Distribution |
| 2501005 | Agricultural Related Sectors-Dairy Development | 250100501 | Tuber Crops-Seed Distribution |
| 2501006 | Agricultural Related Sectors-Fisheries | 250100601 | Horticulture-Tender Plants Distribution |
| 2501011 | Agricultural Related Sectors-Vegetables | 250101101 | Pepper-Tender Plants Distribution |
| 2501031 | Animal Husbandry-Cow | 250110014 | Cow-Fodder For Milking Cow |
| 2501032 | Animal Husbandry-Goat | 250110003 | Goat -Providing Animals |
| 2501034 | Animal Husbandry-calf | 250110007 | Calf -Providing Animals |
| 2501035 | Animal Husbandry-Poultry | 250110008 | Poultry -Providing Animals |

5. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 214(5) പ്രകാരം ബജറ്റിൽ ഇല്ലാത്ത ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അംഗീകരിച്ച് അനുവാദം നേടേണ്ടതാണ്.എന്നാൽ ഗ്രാമപഞ്ചായത്തിൽ പുതുക്കിയ ബജറ്റ് അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റിനോടൊപ്പമാണ് പരിഷ്കരിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/22 നുള്ള മറുപടിയിൽ 2020-21 തുടക്കത്തിൽ സാംഖ്യ സോഫ്റ്റ്വെയറായിരുന്നു നിലവിലുണ്ടായിരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. 24.09.2020 ൽ ILGMS നിലവിൽ വന്നപ്പോൾ ബജറ്റ് ഹെഡുകളിൽ വ്യത്യാസം വരുകയും ചെയ്തു. അതിനു ശേഷം ബജറ്റ് പരിഷ്കരിക്കുവാൻ സാധിച്ചിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 62 (2) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്നവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

A. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ

B. അടിസ്ഥാന അനുപാതകങ്ങൾ

മേൽ വസ്തുതകൾ വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല.[ B-14 Stock In Hand (Inventories)]

3. Trial Balance പരിശോധനയിൽ മുൻ വർഷത്തെ (2019-20) നീക്കിയിരിപ്പല്ല തൻ വർഷത്തെ (2020-21) മുന്നിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Code | Item | 2019-20 (Closing Balance) | 2020-21 (Opening Balance) |
|---|---|---|---|
| 310100101 | Panchayat Fund-General | 4279038(cr) | 117580831 (Dr) |
| 410800101 | Other Fixed Assets | 4361062(dr) | 4365422(dr) |
| 320100999 | Other Liabilites | -- | 192741 (Cr) |
| 414120008 | Public Drinking Water Programme-Pipe Line | -- | 12150404(dr) |
| 414120011 | Public Drinking Water Programme-Taps | -- | 1203920(dr) |
| 414140102 | Santitation And Waste Management | -- | 9000(dr) |
| 414200002 | Electricity Line Extension | -- | 378740(dr) |

4. B4 Schedule ൽ ചുവടെ ചേർക്കുന്ന അക്കൗണ്ടുകളിൽ മുൻ വർഷവും തൻ വർഷവും ഒരേ തുകകൾ തന്നെ തനതു ഫണ്ടിൽ നീക്കിയിരിപ്പായി കാണുന്നു.

23.01.17-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്താത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽ ഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് അക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണെന്നിരിക്കെ സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ തനതുഫണ്ടിൽ അവശേഷിക്കുന്നു.(B -4 Schedule).വിശദ വിവരം ചുവടെ ചേർക്കുന്നു.

| Code | Item | Amount |
|---|---|---|
| 320700205 | Contributions For Joint Venture Projects -District Panchayats | 1392521 |
| 320700404 | Contributions For Other Specific Purpose-Block Panchayats | 600000 |
| 320100115 | Total Sanitation Campaign | 110000 |
| 320800101 | Beneficiary Contribution | 4650 |

5. Other Liabilities ആയി 192741/- രൂപ തനതു ഫണ്ടിൽ അവശേഷിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറി നം 1/22 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

6.ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളുടെ നീക്കിയിരിപ്പ് ഉകയിൽ വ്യത്യാസം വന്നിരിക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരപ്പ് (AFS പ്രകാരം) | റിമാർക്കസ് |
|---|---|---|---|---|---|---|
| Bidders EMD | 221905 | 227145 | 449050 | 214907 | 233143 | 1000/- രൂപയുടെ വ്യത്യാസം |
| Water Connection Deposit | 96000 | -- | 96000 | 3000 | 90000 | 3000/- രൂപയുടെ വ്യത്യാസം |
| Deposits Received For Halls And Auditoriums | 26000 | 2500 | 28500 | 7000 | 17500 | 4000/- രൂപയുടെ വ്യത്യാസം |

7.ശുചിത്വ മിഷൻ (320200322)

മുൻ വർഷത്തെ B4 Schedule പ്രകാരം 42800/- രൂപയാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത്.തൻ വർഷം വരവായി രേഖപ്പെടുത്തിയിരിക്കുന്നത് (RP 30 ) പ്രകാരം 1796621/- രൂപയാണ്. ആകെ 1839421/-രൂപ. ഫണ്ടിന്റെ ചെലവ് (160100769 ) ൽ 108000/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നീക്കിയിരിപ്പ് ഉകയുമായി (1731421/-രൂപ) പ്രസ്തുത ഉക പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 1/22 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

8. ചുവടെ ചേർക്കുന്നവയുടെ ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല..

Total Sanitation -320300103

Grants, Funds &Contributions For Specific Purposes-Other Financial Institutions

9. 25.09.2020 ൽ പഞ്ചായത്ത് ILGMS എന്ന പുതിയ Software ലേയ്ക്ക് മാറിയ സാഹചര്യത്തിൽ അതിന്റെ അടിസ്ഥാനത്തിലുള്ള വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അക്കൗണ്ട് ഹെഡുകളിലെ വ്യത്യാസം

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ Trial Balance 2020-21 ലെ ILGMS Trial Balance എന്നിവ പരിശോധിച്ചതിൽ അക്കൗണ്ട് ഹെഡുകളിൽ വ്യത്യാസം വന്നിരിക്കുന്നു.ഏതാനും ഉദാഹരണങ്ങൾ.

| Item | Headcode As Per Sankya AFS | Headcode As Per ILGMS AFS |
|---|---|---|
| NREGA | 320100101 | 320100128 |
| ICDS | 320100121 | 320100196 |
| Grants From Suchitwa Mission | 320200322 | 320100198 |
| | | |
| Fee For Issue Of Death Certificate | 140130102 | 140130106 |
| Market Receipts | 140500111 | 140500202 |

| | | |
|---|---|---|
| Fee For Issue Of Marriage Certificate | 140130103 | 140130112 |
| Fee For Extracts Ofas Per RTI | 140130104 | 140130119 |
| Government And Other Dues Payable-CGST | 350300110 | 350200205 |
| Government And Other Dues Payable-SGST | 350300111 | 350200206 |
| Government And Other Dues Payable-Flood Cess | 350300116 | 350300111 |

2. മുൻ വർഷത്തെ പല അക്കൗണ്ടുകളും 2021 സാമ്പത്തിക വർഷം ILGMS അക്കൗണ്ടിൽ ഉൾപ്പെടുത്താതെ പ്രത്യേകം ഒരക്കൗണ്ടായി രേഖപ്പെടുത്തിയിരിക്കുന്നു.

| സാംഖ്യ അക്കൗണ്ടിലെ വിവരം | | | ILGMS അക്കൗണ്ടിലെ വിവരം | | |
|---|---|---|---|---|---|
| ഹെഡ് കോഡ് | ഇനം | തുക | ഹെഡ് കോഡ് | ഇനം | തുക |
| 450210101 | Indian Overseas Bank 8798 | 19601451 | 450210101 | Nationalised Bank Account Of Own Revenue Fund | 20054716 |
| 450210102 | State Bank Of India-epayment | 354480 | | | |
| 450410101 | Canara Bank 17440 | 1378 | | | |
| 450410102 | State Bank Of India-Life | 97407 | | | |
| 450650109 | Treasury TSB-Joint Venture | 7042658 | 450210104 | Treasury Accounts Of Traditional Functions | 11899376 |
| 450250110 | Treasury TSB A/C | 4856718 | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 5/22 നുള്ള മറുപടിയിൽ ILGMS തയ്യാറാക്കിയതിലുള്ള അപാകതയാണെന്നും സാംഖ്യയിലെ ഹെഡുകളും ILGMS ലെ ഹെഡുകളും വ്യത്യാസമാണെന്നും സമാനമായ ഹെഡുകൾ കണ്ടെത്തി അതിലേക്ക് ഡാറ്റ എൻട്രി ചെയ്യുകയാണുണ്ടായതെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു.

10. Past Data Entry ചെയ്തപ്പോൾ Sankya Account ലുള്ള ഇനങ്ങൾ ഉൾപ്പെട്ടിട്ടില്ല.

25.09.2020 ൽ ILGMS സോഫ്റ്റ്വെയറിലേക്ക് പഞ്ചായത്ത് മാറിയവേളയിൽ PDE(Past Data Entry )ചെയ്തപ്പോൾ ചില ഇനങ്ങൾ ഉൾപ്പെട്ട് കാണുന്നില്ല.ഏതാനും ഉദാഹരണങ്ങൾ

| Code | Head Of Account | Sankya Amount | Past Data Entry Amount |
|---|---|---|---|
| 140110111 | Belated Fees | 24 | No Entry |
| 160100301 | State Sponsored Scheme-Unemployment Allowance | 10120 | No Entry |

| | | | |
|---|---|---|---|
| 160100399 | State Sponsored Scheme-others | 602000 | No Entry |
| 320200322 | Grants From Suchitwa Mission | 200000 | No Entry |
| 431190101 | Receivables Of Profession Tax-Institution/Professional /Traders (Current) | 117710 | No Entry |
| 460500501 | Advance To Imlpementing Officers | 264527 | No Entry |

2.Past Data Entry ചെയ്യപ്പോൾ ചുവടെ ചേർക്കുന്ന ഇനങ്ങളുടെ ഹെഡുകളിൽ വ്യത്യാസം വന്നിരിക്കുന്നു .

| Code | Item In Sankhya AFS | Amount | Ledger In ILGMS (PDE) | Amount |
|---|---|---|---|---|
| 140120199 | Fee For Grant Of Other Permit | 6070 | Fee For Correction In Marriage Register | No Entry |
| 140130102 | Fees For Death Certificate | 95 | Fee For Name Inclusion /Correction In Name Already Included | No Entry |
| 140130103 | Fee For Marriage Certificate | 1150 | Correction In Errornin Substance Fee | No Entry |
| 140130104 | Fee For Extracts As Per RTI Act | 788 | Fee For Name Inclusion After School Admission | No Entry |
| 140130105 | Fee For Non Availabilty Certificate | 2 | Fee For Name Inclusionof Those Who Didnt Join School | No Entry |
| 320100101 | MNREGS | 666036 | Accelerated Rural Water Supply Scheme (ARWSS) | No Entry |
| 350300110 | Govt And Other Dues Payable-CGST | 2771 | Government And Other Dues Payable - Audit Recovery | No Entry |
| 350300111 | Govt And Other Dues Payable-SGST | 2771 | Government And Other Dues Payable - Flood Cess | 159 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/22 ന്റ മറുപടി ലഭ്യമാക്കിയിട്ടില്ല.

11.വരവിനങ്ങളിലെ തുകകൾ വാർഷിക ധനകാര്യപത്രികയിലെയും രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രികയിലെയും രജിസ്റ്ററിലെയും വരവിനങ്ങളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | AFS | രജിസ്റ്റർ പ്രകാരം |
|---|---|---|

| | | |
|---|---|---|
| | പ്രകാരം | |
| Property Tax On Residential Buildings | 2030738 | 1958627 (സഞ്ചയ പത്രിക) |
| Property Tax On Non-residential Buildings | 1298999 | 1171666 (സഞ്ചയ പത്രിക) |
| Profession Tax-Institutions | 48100 | രേഖപ്പെടുത്തിയിട്ടില്ല |
| Profession Tax-Employees | 875132 | 908000 |
| Rent From Buildings | 96396 | രേഖപ്പെടുത്തിയിട്ടില്ല |
| Rent From Auditoriums And Halls | 10500 | രേഖപ്പെടുത്തിയിട്ടില്ല |

12. DBT Statement ലെ തുകകൾ വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല .വിശദവിവരം ചുവടെ ചേർക്കുന്നു.

| Type Of Pension | AFS പ്രകാരം | DBT Statement പ്രകാരം |
|---|---|---|
| Agricultural Labour Pension | 7727400 | 11269300 |
| Indira Gandhi National Oldage Pension | 52846600 | 79215400 |
| Indira Gandhi National Disability Pension | 7896500 | 11719100 |
| Pension For The Unmarried Women Above 50 Years | 936100 | 1390900 |
| Indira Gandhi National Widow Pension | 30405900 | 45005500 |

13.സംയുക്ത പ്രോജക്ട് -ബ്ലോക്ക് പഞ്ചായത്ത് വിഹിതം -നീക്കിയിരിപ്പിലെ വ്യത്യാസം

2019-20 സാമ്പത്തിക വർഷത്തെ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ നീക്കിയിരിപ്പ് B4 Schedule പ്രകാരം 4966182/-രൂപയാണ് (4366182 + 600000) . തൻവർഷത്തെ വരവ് 1064400/-(RP 7) രൂപയാണ്. ആകെ 6030582/-രൂപ . തൻ വർഷത്തെ ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരം 2911900/- രൂപയാണ്. തൻ വർഷത്തെ നീക്കിയിരിപ്പ് B4 Schedule പ്രകാരം 3083208/- രൂപയാണ് . എന്നാൽ തൻ വർഷം നീക്കിയിരിപ്പായി വരേണ്ടത് 3118682/- രൂപയാണ് .35474/- രൂപയുടെ വ്യത്യാസം വന്നിരിക്കുന്നു .ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 22/22 ന്റെ മറുപടി ലഭ്യമാക്കിയിട്ടില്ല.

14. ഡിമാന്റില്ലാത്തയിനത്തിനു കളക്ഷൻ വന്നിരിക്കുന്നു .

Property Tax On Residential Buildings (Arrear) എന്നയിനത്തിനു RP 45 പ്രകാരം 1554/- രൂപ വരവ് വന്നിരിക്കുന്നു. എന്നാൽ പ്രസ്തുതയിനത്തിനു ഡിമാന്റ് ഇല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 12 /22 ന്റെ മറുപടി ലഭ്യമാക്കിയിട്ടില്ല.

15. രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല

ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ യഥാവിധി പരിപാലിച്ചിട്ടില്ല. അതിനാൽ ആയതിന്റെ യഥാർത്ഥ വരവ്-ചെലവ് എന്നിവ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളും സുലേഖ ചെലവ് പത്രികയിലെ വിവരത്തിന്റെ അടിസ്ഥാനമാക്കിയാണ് ലോൺ വിവരങ്ങൾ പരിശോധിച്ച് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ രജിസ്റ്ററുകൾ ഭാവിയിൽ പരിപാലിക്കേണ്ടതാണ്.

വാർഷിക ധനകാര്യപത്രിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ILGMS- മായി ബന്ധപ്പെട്ട അപാകങ്ങളുടെ സംക്ഷിപ്തം .

പഞ്ചായത്തിന്റെ നിലവിൽ സാംഖ്യാ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷിക ധനകാര്യ പത്രിക 25.09.2021

തീയതി മുതൽ ILGMS എന്ന ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരിക്കുകയാണ്. ഇന്റഗ്രേഷൻ നടത്തിയ തീയതിയിലെ CB-യും ILGMS-ൽ പ്രവേശിച്ച തീയതിയിലെ OB-യും (ട്രയൽ ബാലൻസ്) വിവിധ അക്കൗണ്ട് ഹെഡുകളുടെ പൊരുത്തവും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. വിവിധ അക്കൗണ്ട് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല. 2019-20 ൽ സാംഖ്യയിൽ നിലവിൽ ഉണ്ടായിരുന്ന ഹെഡുകൾ പലതും 2020-21 ൽ വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ RP പ്രകാരം ചെലവിനങ്ങളുടെ ഹെഡുകളിലും ഹെഡുകൾ കൂടി ചേർത്തിട്ടുണ്ട്.

2. ഹെഡുകൾ പലതായി തരംതിരിക്കപ്പെട്ടിരിക്കുന്നു.

ഉദാ :- 2019-20 ലെ AFS പ്രകാരം B11 Fixed Assets എന്നത് -

B11 (C) Capital Expenses Production Sector

B11 (D) Capital Expenses Service Sector

B11 (E) Capital Expenses Infrastructure Sector

എന്നിങ്ങനെ മൂന്ന് സബ് ഷെഡ്യൂളുകളായി തിരിച്ചിരിക്കുന്നു. തുകകൾ പൊരുത്തപ്പെടുത്തുന്ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

3. 2019-20 B9 ഷെഡ്യൂളിൽ 320160999 എന്ന Head (Other Liabilities) B4-ലേക്ക് മാറിയിട്ടുണ്ട്. കാരണം വിശദീകരിച്ചിട്ടില്ല.

4. 2019-20 B17 ഷെഡ്യൂളിൽ വ്യത്യസ്ത Account Head-കളിൽ നിലനിന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ 2020-21-ലെ AFS-ൽ അക്കൗണ്ട് ഹെഡുകൾ മാറുകയും വ്യത്യസ്ത അക്കൗണ്ട് ഹെഡുകളിൽ നിലനിന്നിരുന്ന തുകകൾ ട്രയൽ ബാലൻസിൽ ഒരുമിച്ചും ബാലൻസ് ഷീറ്റിൽ ഒരേ ഹെഡിൽ തന്നെ പ്രത്യേകം സബ്ഹെഡുകളായി കാണിച്ചിരിക്കുന്നു. ആകെ തുക വ്യത്യാസപ്പെടുന്നില്ല.

5. 2019-20 ൽ നിലനിന്നിരുന്ന പല അക്കൗണ്ട് ഹെഡുകളും 2020-21 ൽ വ്യത്യാസപ്പെടുകയോ കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്തിട്ടുണ്ട്.
6. ബാലൻസ് ഷീറ്റ് (ബി11) ൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന Depreciation ഇനങ്ങൾ Trial Balance ൽ മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടില്ല.

അക്കൗണ്ട് ഹെഡുകളുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പൊരുത്തക്കേടുകൾ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ കൃത്യവും പൂർണവുമായ ഓഡിറ്റിന് തടസ്സമായിട്ടുണ്ട്. ഇ-സബ്മിറ്റ് ചെയ്യപ്പെട്ട അക്കൗണ്ട്സും ILGMS-ന്റെ Auditor Login-ൽ ലഭ്യമായ അക്കൗണ്ട്സും മുൻ വർഷത്തെ സാംഖ്യ അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ IKM, ഭരണ വകുപ്പ് എന്നിവരിൽ നിന്നും നിർദ്ദേശങ്ങൾ തേടി പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16415157 | 16415157 | 18448225 | -2033068 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 17641961 | 17641961 | 12548286 | 5093675 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 4265000 | 4265000 | 3800734 | 464266 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-untied) | 0 | 8530000 | 8530000 | 11241453 | -2711453 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6431285 | 6431285 | 4614179 | 1817106 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 24134000 | 24134000 | 24075389 | 58611 |

### 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , ACR, വാർഷിക ധനകാര്യപത്രിക എന്നിവയുടെ ചെലവ് തുകകളിൽ വ്യത്യാസം

വാർഷിക ധനകാര്യപത്രിക , ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ACR എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ചെലവ് തുകകൾ

വ്യത്യാസപ്പെട്ടിരിക്കുന്നു.

| Item | AFS പ്രകാരം | ACR പ്രകാരം | Grant Statement പ്രകാരം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 15338132 | 15394382 | 18448225 |
| വികസന ഫണ്ട് (എസ്.സി.പി) | 12314247 | 12314247 | 12548286 |
| മെ.ഫണ്ട് (നോൺ റോഡ്) | 5348664 | 5448664 | 4614179 |
| വികസന ഫണ്ട്(CFC Basic Grant) | 12221773 | 12221773 | 11241453 |
| മെ.ഫണ്ട് ( റോഡ്) | 23117744 | 24075389 | 24075389 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 9/22 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

1-3-2 അഗതി രഹിത കേരളം -തുക വകയിരുത്തിയെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല .

29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ പ്രകാരം പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനായിട്ടുള്ള മാർഗ്ഗരേഖ 5.2(6) ലെ അനിവാര്യ വകയിരുത്തലുകളിൽ വികസന ഫണ്ടിൽ നിന്നും നിർബന്ധമായും നീക്കിവയ്ക്കേണ്ടതായ അഗതി രഹിത കേരളം എന്ന പദ്ധതിയ്ക്കായി 100000/- രൂപ വകയിരുത്തിയെങ്കിലും ആയതു നടപ്പിലാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/22(2) നുള്ള മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തമൂലമാണെന്നും വകയിരുത്തിയ തുക ആശ്രയ പദ്ധതിലുൾപ്പെട്ട ഒരാൾക്ക് വീട് അറ്റകുറ്റ പണികൾക്കായി ഉപയോഗിക്കുവാൻ തീരുമാനിച്ചുവെങ്കിലും ആയതും നടപ്പിലാക്കുവാൻ കഴിഞ്ഞില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു.
വകയിരുത്തിയ പദ്ധതിയ്ക്കു തന്നെ തുകകൾ ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അനിവാര്യ വകയിരുത്തലുകളിലെ തുകകൾ നിർബന്ധമായും ചെലവഴിക്കേണ്ടതാണ്.

ഭാവിയിൽ ഇത്തരം വീഴ്ച്കൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 237 | 160580112 | 168 | 89739896 | 71% |

1)ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുനഃ സംഘടിപ്പിച്ച് മേൽ പ്രവർത്തനങ്ങൾ നടന്നത് സംബന്ധിച്ച് മിനിട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.

2)വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 28.12.19, 10.02.20, 15.02.20 എന്നീ തീയതികളിലാണ് വർക്കിംഗ്

ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നത്.

പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)13 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു. ഇവ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം -24/27.06.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | ദാരിദ്രലഘൂകരണം | 28.12.19, 15.02.20 | അഗതിരഹിതകേരളം പദ്ധതി നടപ്പിലാക്കുക |
| 2. | കുടിവെള്ളം ശുചിത്വം | 15.02.20 | 1.ഉയർന്നമല വാട്ടർടാങ്ക് പുനരുദ്ധരിച്ച് ശുദ്ധജലം ലഭ്യമാക്കുക<br>2.കൃഷി ആവശ്യങ്ങൾക്കുള്ള കുളങ്ങൾ നിർമ്മാണവും നവീകരണവും വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തുക |
| 3. | സാമൂഹ്യനീതി | 28.12.19 | വൃദ്ധർക്കും വികലാംഗർക്കും കൗൺസിലിങ് സൗകര്യം ഒരുക്കുക |
| 4. | പട്ടികജാതി വികസനം | 28.12.19 | പട്ടികജാതി കോളനികളിൽ ടിവി കിയോസ്ക്,ഗ്രന്ഥശാല എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക |
| 5. | കൃഷിയും അനുബന്ധമേഖലകളും | 10.02.20 | കാറ്റ് വീഴ്ച ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റി പകരം പുതിയ തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക |

3)സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|

| | | | |
|---|---|---|---|
| 1. | പൊതുഭരണവും ധനകാര്യവും | അതീവ ഗുരുതരം | വസ്തുനികുതി പിരിവ് |
| 2. | കൃഷി | അതീവ ഗുരുതരം | ജലദൗർലഭ്യം മൂലം നെൽകൃഷി ചെയ്യുവാൻ സാധിക്കുന്നില്ല. |
| 3. | ദാരിദ്ര്യലഘൂകരണം | ഗുരുതരം | ചെറുകിടസംരംഭങ്ങളുടെ അപര്യാപ്തത |
| 4. | സാമൂഹ്യനീതി | അതീവ ഗുരുതരം | ചുറ്റമതിൽ ഇല്ലാത്ത അംഗനവാടികൾക്ക് ചുറ്റമതിൽ |
| 5. | വനിതാവികസനം | ഗുരുതരം | കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമം |
| 6 | പട്ടികജാതിവികസനം | ഗുരുതരം | മദ്യത്തിന്റെയും,ലഹരിവസ്തുക്കളുടെയും ഉപയോഗം |
| | | ഗുരുതരം | വാർദ്ധക്യകാലസംരക്ഷണം |

4. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ആകെ അടങ്കൽ തുക 160580112/- രൂപയും ചെലവ് 89739896/-രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 56% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 5995222 | 5155403 | 86% |
| | സേവനം | 18170256 | 11914779 | 66% |
| | പശ്ചാത്തലം | 1378043 | 1378043 | 100% |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 16079900 | 9840194 | 61% |
| | പശ്ചാത്തലം | 6073390 | 2708092 | 45% |
| പട്ടികവർഗ്ഗ വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 0 | 0 | 0 |
| | പശ്ചാത്തലം | 0 | 0 | 0 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം24/27.06.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-5 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 101280 | 135 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7727400 | 438 |
| വിധവാ പെൻഷൻ | 30405900 | 1999 |
| വാർദ്ധക്യകാല പെൻഷൻ | 52846600 | 3568 |
| വികലാംഗ പെൻഷൻ | 7896500 | 526 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 05 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 936100 | 61 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 5,46,000/-രൂപ

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (രജിസ്ട്രേഷൻ നം 53 /20 തീയതി 17.04.20 മുതൽ 59/21 തീയതി 31.03.21 വരെയുള്ള മരണ റിപ്പോർട്ടുകളാണ് പരിശോധിച്ചത്). വിശദാംശം ചുവടെ:-

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | ശശിധരൻ | 102450203071 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 01.05.20 | 06/20-05/22 | 36400 |
| 2 | കെ. തങ്കപ്പൻ | 102450200440 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 06.06.20 | 07/20-05/22 | 35900 |
| 3 | ഓമന.സി | 102450203776 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 31.05.20 | 06/20-06/21 | 18800 |
| 4 | സരസ്വതി | 102450100919 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 26.06.20 | 07/20-01/22 | 28700 |
| 5 | കാമില ബീവി | 102450202335 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 06.07.20 | 08/20-09/20 | 2700 |
| 6 | ദേവകി | 102450100794 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 16.07.20 | 08/20-10/20 | 4100 |
| 7 | ജയകുമാർ വി | 102450203095 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 30.07.20 | 08/20-05/22 | 33800 |
| 8 | ലളിതമ്മ ഡി | 102450201479 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 21.08.20 | 09/20-05/22 | 32900 |
| 9 | ലക്ഷ്മിഅമ്മ ഡി | 102450200643 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 01.07.20 | 08/20-12/21 | 26400 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | അബ്ദുൾ റഷീദ് | 102450200449 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 25.08.20 | 09/20-06/21 | 15300 |
| 11 | അസുമാബീവി | 102450202036 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 20.08.20 | 09/20-05/22 | 32900 |
| 12 | തങ്കമ്മ | 102450200451 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 06.09.20 | 10/20-05/22 | 31400 |
| 13 | ശിശുപാലൻ | 102450200410 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 19.08.20 | 09/20-11/20 | 1800 |
| 14 | രുദ്രായണി | 102450100189 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 18.08.20 | 09/20-05/22 | 35200 |
| 15 | താഹ | 102450204023 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 21.09.20 | 10/20-06/21 | 13500 |
| 16 | അപ്പുക്കുട്ടൻ നായർ | 102450200548 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 10.12.20 | 01/21-12/21 | 18900 |
| 17 | ഭവാനിഅമ്മ | 102450201123 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 28.12.20 | 01/21 | 1500 |
| 18 | രാജൻ വി | 102450400319 | ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | സസ്പെൻഡ് | 14.12.20 | 01/21 | 1500 |
| 19 | മണിയൻ | 102450203013 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 23.12.20 | 01/20-05/22 | 26900 |
| 20 | രാധ | 102450600738 | വിധവ പെൻഷൻ | സസ്പെൻഡ് | 31.12.20 | 01/21-12/21 | 18900 |
| 21 | ഇന്ദിര | 102450600587 | വിധവ പെൻഷന് | ആക്ടീവ് | 11.01.21 | 02/21-05/22 | 25400 |
| 22 | അബ്ദുൾ ഹമീദ് | 102450201434 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 02.02.21 | 03/21-12/21 | 15900 |
| 23 | രാജമ്മാൾ ഇ | 102450202121 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 19.01.21 | 02/21-06/21 | 7800 |
| 24 | സുരേന്ദ്രൻ നായർ ആർ | 102450201165 | വാർദ്ധക്യകാല പെൻഷൻ) | ആക്ടീവ് | 10.12.20 | 01/21-05/22 | 26900 |
| 25 | സുരേന്ദ്രബാബു | 102450203270 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 30.01.21 | 02/21-05/22 | 25400 |
| 26 | നടരാജൻ | 102450203820 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 22.02.21 | 03/21-05/22 | 23900 |
| 27 | രാധമ്മ | 102450202630 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 01.03.21 | 04/21-05/21 | 3200 |
| | | | ആകെ | | | | 5,46,000 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും

വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല.ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/27.06.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ5,46,000 /- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II. സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു-

| നം | പേര് | മരണപ്പെട്ട തീയതി | ആധാർ നമ്പർ | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | രമേശൻ കെ | 27.08.20 | 712478478662 | ആക്ടീവ് |

III. പെൻഷൻ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിനെ/പെൻഷൻ വിതരണ സ്ഥാപനത്തിനെ അറിയിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:-

| ക്രമ നം | തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പേര് /പെൻഷണറുടെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത് സുബൈദബീ | 102460100165 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 05.05.20 | 06/20-05/22 | 34800 |
| 2 | ക്ഷേമനിധി ബോർഡ് പെൻഷൻ,സുകുമാരൻ നായർ | 2220010179 | Karshaka Pension For Small And Marginal Farmers | സസ്പെൻഡ് | 23.07.20 | 08/20-12/20 | 6900 |
| 3 | കരവാരം ഗ്രാമ പഞ്ചായത്ത് നളിനി | 102340100495 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 14.07.20 | 08/20-05/22 | 33800 |
| 4. | മംഗലപുരം ഗ്രാമ പഞ്ചായത്ത് അമൃതമ്മ എൽ | 102710202441 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 05.08.20 | 09/20-01/21 | 3000 |
| 5. | കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത് രാജു കെ | 102460203665 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 28.12.20 | 01/21-05/22 | 26900 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 21/27.06.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-5-2 വിധവാ പെൻഷൻ- തുക തിരികെ ഈടാക്കണം

മുദാക്കൽ ഗ്രാമപഞ്ചായത്തിലെ വിധവാ പെൻഷൻ ഗുണഭോക്താവായ ശ്രീമതി.പ്രിയ.പി,(പെൻഷണർ ഐ.ഡി.102450601685) 2017ൽ പുനർ വിവാഹം ചെയ്തിട്ടും,2019 ജൂലൈ മാസം വരെ പെൻഷൻ കൈപ്പറ്റിയിട്ടുള്ളതായും,ഈ വിധം നിയമ വിരുദ്ധമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചതായും ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2/7/20 ലെ തീരുമാനം നം 3 ൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ജനറൽ കമ്മിറ്റി ഇക്കാര്യത്തിൽ തീരുമാനം എന്തെങ്കിലും എടുത്തതായി മിനിട്സ് രേഖപ്പെടുത്തൽ ഇല്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെയും നിയമ വിരുദ്ധമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം.30 ന് മറുപടി ലഭ്യമായില്ല. ടി വിശദാംശം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-5-3 ജനന, മരണ,വിവാഹ രജിസ്റ്ററുകൾ കാലികമാക്കി പരിപാലിച്ചിട്ടില്ല.

മുദാക്കൽ ഗ്രാമപഞ്ചായത്ത് 2020-21 വർഷം The Registration Birth And Death Rules-1999, റൂൾ 12-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള Birth Register (Form-7), Death Register (Form-7), എന്നിവയും, Registration Of Marriages (Common) Rules, റൂൾ 8 പ്രകാരമുള്ള Marriage Register എന്നിവയും പരിപാലിച്ചിട്ടില്ല. ആയതു ഗുരുതരമായ വീഴ്ചയാണ്. ജനന, മരണ, വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷകളും, തുടർനടപടി ഫയലുകളും മാത്രമാണ് ഓഡിറ്റിനു ലഭ്യമാക്കിയത്. നിയമപരമായി അതീവ പ്രാധാന്യമുള്ളതും, ദീർഘകാലം സൂക്ഷിച്ചു വയ്ക്കേണ്ടതുമായ ടി രജിസ്റ്ററുകൾ കാലികമാക്കി പരിപാലിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 21/27.06.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-06-2022 തീയതിയിൽ 12.40 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ഡേ ബുക്ക് പ്രകാരം 19453 രൂപയുടെ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് കൗണ്ടറിൽ 19513 രൂപ സൂക്ഷിച്ചിരിക്കുന്നു. 60 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വിവിധ ആവശ്യങ്ങൾക്കായി തുക ഒടുക്കിയവർക്ക് ബാക്കി നൽകാൻ കൗണ്ടറിൽ തുക ഇല്ലാതെ വന്നപ്പോൾ ബാക്കി തുക കൈയിൽ നിന്നും നൽകിയതിനാലാണ് തുക അധികമായി വന്നത് എന്ന് ടി വ്യത്യാസത്തിനുള്ള വിശദീകരണമായി അറിയിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പക്കലുള്ള പണം കൗണ്ടറിലെ പണത്തോടൊപ്പം കൂട്ടിച്ചേർത്ത് ഇടപാട് നടത്തുന്നത് അംഗീകരിക്കാവുന്നതല്ല. തനത് ദിവസം നടക്കുന്ന ഇടപാടിനേക്കാൾ കൂടുതലോ കുറവോ തുക നീക്കിയിരിപ്പായി ഉണ്ടാകാൻ പാടുള്ളതല്ല . ഡേ ബുക്കിനു അനുസൃതമായി പണം നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നുണ്ട്.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021 ൽ പ്രസിദ്ധീകരിച്ച പൗരാവകാശരേഖയുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

5)ഫ്രണ്ട് ഓഫീസിൽ ആവശ്യത്തിന് ഇരിപ്പിടങ്ങൾ ഒരുക്കിയിട്ടുണ്ട്. എന്നാൽ കുടിവെള്ള സൗകര്യമില്ല.

6)വർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിൽ അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

7.വരവിനങ്ങളുടെ രജിസ്റ്ററുകളിൽ വർഷാന്ത്യ സംക്ഷിപ്തം കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1291079 | 1291079 | 1291079 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 68224000 | 68224000 | 68224000 | 0 |
| ആകെ | 0 | 69515079 | 69515079 | 69515079 | 0 |

1-8-1 സാധനസാമഗ്രികൾ സമാഹരിക്കേണ്ടതു സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല .

മിനിസ്ട്രി ഓഫ് റൂറൽ ഡവലപ്മെന്റ് 29.11.2010 ലെ നം. J-11060/3/2009-MGNREGA കത്തിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി സാധന സാമഗ്രികൾ സമാഹരിക്കേണ്ടതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നം. 93/2012തസ്വഭവ തീയതി 31.03.2012, സ.ഉ.(കൈ) നം.284/2012തസ്വഭവ തീയതി 03.11.2012 ഉത്തരവുകളിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായുള്ള സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് കേരള സർക്കാരും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തുടർന്ന് സാധന സാമഗ്രികളുടെ സമാഹരണത്തിനായി 2013 ൽ സ്റ്റോർ പർച്ചേസ് മാന്വലും (സ.ഉ. (പി)നം.3/2013/എസ്.പി.ഡി. തീയതി 21.06.2013) സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വാങ്ങലുകൾക്ക് മേൽപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ഓരോ മാസത്തെയും പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ഇനം, അളവ്, സ്പെസിഫിക്കേഷൻ എന്നിവ തരം തിരിച്ച പട്ടികപ്പെടുത്തിയ ശേഷം, ഓരോ അർദ്ധ വർഷത്തേക്കും ആവശ്യമായ ആകെ സാധനസാമഗ്രികളുടെ വിവരം ക്രോഡീകരിച്ച്, ഓരോ അർദ്ധവർഷത്തേക്കുമാണ് വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 ൽ മെറ്റീരിയൽസ് ഉപയോഗിച്ച് നിർവ്വഹിച്ച തൊഴിലുറപ്പ് പ്രവൃത്തികൾക്ക് ഗുണഭോക്താക്കൾ സാധനങ്ങൾ വാങ്ങി പ്രവൃത്തി നിർവഹിച്ച ശേഷം അവയുടെ ബിൽ സമർപ്പിക്കുമ്പോൾ തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്യുന്നത്. 2020-21 സാമ്പത്തിക വർഷത്തിൽ കൂട്ടുതാലായും വ്യക്തിഗത പദ്ധതികളായ കോഴിക്കൂട് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം എന്നിവയാണ് മെറ്റീരിയൽസ് ഉപയോഗിച്ച് നിർവ്വഹിച്ച തൊഴിലുറപ്പ് പ്രവൃത്തികൾ.

തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വാങ്ങലുകൾക്ക് മേൽപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചാണോ വാങ്ങലുകൾ നടത്തിയിരിക്കുന്നതെന്ന ഓഡിറ്റ് എൻക്വയറി നം 14/22 നമ്പർ മറുപടിയിൽ വാങ്ങലുകൾ ഓരോ അർദ്ധവർഷത്തിലുമാണ് നടത്തിയിരിക്കുന്നതെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ആവശ്യപ്പെട്ടുവെങ്കിലും നിലവിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ലായെന്നും അറിയിച്ചു.

ഭാവിയിൽ സാധന സാമഗ്രികൾ വാങ്ങുമ്പോൾ ആയതിന്റെ സ്റ്റോക്ക് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-8-2 ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് തുക ക്യാഷ് ബുക്കിൽ ഉൾപ്പെട്ടിട്ടില്ല .

ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റു വരവുകളായി ഉൾപ്പെടുത്തി കണക്കു സൂക്ഷിക്കേണ്ടതാണെങ്കിലും, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്കിൽ പ്രസ്തുത വരവ് ഉൾപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/22 (2) നമ്പർ മറുപടിയിൽ ടെണ്ടർ ഫാറ വിലയിനത്തിൽ ലഭിച്ച തുക MNREGS ഫണ്ടിലല്ല ഒടുക്കുന്നത് അത് പഞ്ചായത്ത് ഫണ്ടിലാണ് ഒടുക്കുന്നതെന്നും അറിയിച്ചിരിക്കുന്നു.

ഇ-ടെൻഡർ, മാന്വൽ ടെൻഡർ ഫോം എന്നിവയുടെ വിലയിനത്തിൽ ലഭിച്ച തുകകൾ വരവായി ഉൾപ്പെടുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 22.05.2022 | 08/2021 മുതൽ 03/2022 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.05.2018 | 2013-14 മുതൽ 2017-18 വരെ | 28.06.2018 |

## 1-10 രസീത് പരിശോധന, മുൻ വർഷത്തെ പിഴവുകൾ ആവർത്തിക്കപ്പെടുന്നു

മുദാക്കൽ ഗ്രാമ പഞ്ചായത്തിലെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ഔട്ട്ഡോർ കളക്ഷൻ രസീതുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ചുവടെപ്പറയുന്ന രസീത് ബുക്കുകൾ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ബുക്ക് നം. |
|---|---|
| 1 | 19987 |
| 2 | 19989 |

2. മുഴുവൻ രസീതുകളിലും കൃത്യമായി തീയതി രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബുക്ക് നം | രസീത് നം |
|---|---|---|
| 1 | 19986 | 52 |
| 2 | 19986 | 23 |
| 3 | 1703 | 4 മുതൽ 60 വരെ |
| 4 | 1703 | 1,2 |

3. താഴെപ്പറയുന്ന രസീത് ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തുകയോ രസീത് പ്രകാരമുള്ള തുക പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. രസീതിന്റെ അസ്സലും പകർപ്പും കൗണ്ടർഫോയിലിൽ സൂക്ഷിച്ചിട്ടുണ്ട്.

| ക്രമ നം | ബുക്ക് നം | രസീത് നം | തുക |
|---|---|---|---|
| 1 | 19996 | 95 | 611 |

4. ക്യാൻസൽ ചെയ്ത രസീതുകളിൽ ക്യാൻസൽ ചെയ്യാനുണ്ടായ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ബുക്ക് നം | രസീത് നം |
|---|---|---|
| 1 | 20000 | 10 |
| 2 | 20000 | 78 |
| 3 | 19988 | 75 |
| 4 | 19988 | 83 |
| 5 | 19988 | 86 |
| 6 | 19988 | 87 |
| 7 | 19985 | 51 |

5. പണമൊടുക്കിയവർക്ക് നൽകാതെ രസീതിൻെറ അസ്സലും പകർപ്പും രസീത് ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബുക്ക് നം | രസീത് നം | തുക |
|---|---|---|---|
| 1 | 19998 | 70 | 413 |
| 2 | 19998 | 100 | 24 |

| | | | |
|---|---|---|---|
| 3 | 19997 | 79 | 12 |
| 4 | 19989 | 1 | 12 |
| 5 | 1700 | 100 | 19 |
| 6 | 1700 | 63 | 37 |
| 7 | 1700 | 28 | 19 |
| 8 | 1704 | 7 | 14 |
| 9 | 1704 | 10 | 366 |
| 10 | 1704 | 49 | 707 |
| | | | |

രസീത് ബുക്ക് നം. 1705 ലെ ഉപയോഗിച്ച 19 രസീതുകളിൽ ഭൂരിഭാഗം രസീതുകളുടെ പകർപ്പും രസീത് ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു

6. ചില രസീതുകൾ എഴുതി നൽകുമ്പോൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബുക്ക് നം | രസീത് നം |
|---|---|---|
| 1 | 19997 | 1 |
| 2 | 19997 | 2 |
| 3 | 19997 | 3 |
| 4 | 19997 | 4 |
| 5 | 19997 | 5 |
| 6 | 19997 | 6 |
| 7 | 19997 | 7 |

7. 2021-22സാമ്പത്തിക വർഷം ഉപയോഗ ശേഷം തിരിച്ച് ഏൽപ്പിച്ചിട്ടുള്ള രസീത് ബുക്കുകളിലെ ഉപയോഗിക്കാത്ത രസീതുകൾ പൂർണ്ണമായും ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല.

| ക്രമ നം | ബുക്ക് നം. |
|---|---|
| 1 | 1703 |
| 2 | 1705 |
| 3 | 1706 |

മേൽപ്പറഞ്ഞ അപാകങ്ങൾ ഓഡിറ്റ് എൻക്വയറി നം 16 വഴി ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് അപാകങ്ങൾ പരിഹരിച്ച് പ്രസ്തുത രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. പരാമർശിച്ചിരിക്കുന്ന അപാകങ്ങളിൽ ഭൂരിഭാഗവും മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഉൾപ്പെട്ടിട്ടുണ്ട്. അതേ പിഴവുകൾ തുടർന്നും ആവർത്തിക്കപ്പെട്ടിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്ന അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്

## 1-11 വസ്തുനികുതി -അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ വസ്തു നികുതി ഈടാക്കിയതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

I താഴെപ്പറയുന്ന വിവിധ ഉപയോഗക്രമങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കാതെ നിലനിൽക്കുന്നു

1.ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 2/513 | കെ എസ് ഇ ബി,അവനവഞ്ചേരി | 2013-14Iമുതൽ 2017-18II വരെ,2019-20I | 13513 |
| 2 | 9/56 | ശാന്തകുമാരി അമ്മ,ശ്രുതി,,പൊയ്കമുക്ക് | 2013-14Iമുതൽ2020-21II വരെ | 2268 |
| 3 | 9/260 | സുരേഷ്,സുജ നിവാസ്,,പൊയ്കമുക്ക് | 2013-2014Ist Halfമുതൽ 2020-21 IIവരെ | 1816 |
| 4 | 9/261 | ,, | 2013-2014Ist Halfമുതൽ 2020-21 IIവരെ | 1816 |
| 5 | 9/262 | ,, | 2013-14 I-മുതൽ2018-19 Iവരെ | 1876 |
| 6 | 9/263 | ,, | 2013-14 I-മുതൽ2018-19 IIവരെ | 2046 |
| 7 | 9/265 | ,, | 2013-14 I-മുതൽ2018-19 Iവരെ | 1876 |

പ്രസ്തുത ഉപയോഗക്രമത്തിൽ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള 103 കെട്ടിടങ്ങളിൽ ആദ്യത്തെ 40 കെട്ടിടങ്ങളുടെ വിവരങ്ങളാണ് പരിശോധിച്ചത്.

2.വിദ്യാഭ്യാസാവശ്യം

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | തുക |
|---|---|---|---|---|
| 1 | 14/395/A | കെ എൻ ആനന്ദകുമാർ | 2014-15-2020-21 | 48068 |

3.ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ(ആദ്യത്തെ മൂന്ന് വാർഡുകളാണ് പരിശോധിച്ചത്)

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | തുക |
|---|---|---|---|---|
| 1 | 3/65/ | അനിത,കാട്ടുവിളവീട്, | 2020-21 I,II | 538 |

3.വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | തുക | ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | 3/506/A | ബീന | 2016-17II,2018-19I,II | 772 | കോഴി വളർത്തൽ ഷെഡ് |

4)മൊബൈൽ ടവറുകൾ

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | തുക |
|---|---|---|---|---|
| 1 | 7/512 | Manager,Indus Towers Limited | 2020-21 II | 6300 |
| 2 | 7/556 | Bharathy Info Tel Ltd,INDUS TOWERS LTD | 2020-21 II | 2625 |

ബാക്കിയുള്ള എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധിച്ച് ഈടാക്കവാനുള്ള കുടിശ്ശികത്തുകകൾ മേൽ പട്ടികകളിൽ ചേർത്തിട്ടുള്ള തുകകൾ ഉൾപ്പെടെ പൂർണ്ണമായും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II.2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4)

പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

III.2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. അത്തരത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 31/27.06.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുകയും പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിനുമേൽ പ്രവൃത്തി നടത്തുകയും ചെയ്ത കരാറുകാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 26 ന് മുൻ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ തൊഴിൽ നികുതി ഒടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നില്ല, ഈ സാമ്പത്തിക വർഷം മുതൽ കരാറുകാരിൽ നിന്നും നികുതി ഈടാക്കുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

### 1-13-1 ലൈസൻസ്- ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ഭൂരിഭാഗം ലൈസൻസ് അപേക്ഷകളിലും മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്റർ പ്രകാരമുള്ള ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 237 | വാടയിൽ ഇൻഡസ്ട്രീസ്- സോഡാ നിർമ്മാണം |

| | | |
|---|---|---|
| 2 | 203 | ഉണ്ണിമായ ഹോട്ടൽ |
| 3 | 205 | എസ്. പി. ഏജൻസീസ് |
| 4 | 206 | എൽ.ജി ട്രേഡേഴ്സ് |
| 5 | 213 | വർണ്ണം പെയിന്റ്സ് |

മൂലധനനിക്ഷേപം രേഖപ്പെടുത്താത്തവർക്കും തുക ഈടാക്കി ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ലൈസൻസ് തുക നിശ്ചയിച്ചത് എത്തരത്തിലാണെന്നറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 33 ന് മുൻ വർഷം ലൈസൻസ് അനുവദിച്ചതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിശ്ചയിച്ചിട്ടുള്ളതെന്നും ഈ സാമ്പത്തിക വർഷം മുതൽ മൂലധനനിക്ഷേപം രേഖപ്പെടുത്തി അപേക്ഷ സ്വീകരിക്കുന്നതാണെന്നും മറുപടി അറിയിച്ചിട്ടുണ്ട്. ചട്ട പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13-2 വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III ൽ പറഞ്ഞ പരമാവധി തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല

| ക്രമ നം | രജിസ്റ്റർ പ്രകാരമുള്ള ക്രമ നം. | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 209 | പറമ്പിൽ ഫ്ലവർ ആൻഡ് ഓയിൽ മിൽ | 17 | 200 |
| 2 | 211 | ശക്തി ഫ്ലവർ ആൻഡ് ഓയിൽ മിൽ | 25 | 300 |
| 3 | 325 | അൽ അമീൻ സ്പൈസസ് (റൈസ് മിൽ) | 15 | 200 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 33) ഈ സാമ്പത്തിക വർഷം മുതൽ യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി മോട്ടോർ ഫീസ് ഈടാക്കുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കി പ്രസ്തുത രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

## 1-13-3 ലൈസൻസ് ലഭിച്ച ആയുർവ്വേദ ക്ലിനിക് പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എടുത്തിട്ടില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3, 4 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാട്ടുള്ളതല്ല. ചട്ടം 5(1) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി പുതുക്കേണ്ടതുമാണ്. 2020-21 സാമ്പത്തിക വർഷം അനാമിക ക്ലിനിക്കൽ ലബോറട്ടറി എന്ന സ്ഥാപനം മാത്രമാണ് പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. ചുവടെപ്പറയുന്ന ആയുർവ്വേദ ക്ലിനിക് ഇത്തരത്തിൽ

രജിസ്റ്റർ ചെയ്തിട്ടില്ല.

| ക്രമ നം | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 27 | സന്ദീപനി ആയുർവ്വേദ ക്ലിനിക് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33 ന് സന്ദീപനി ആയുർവ്വേദ ക്ലിനിക് എന്ന സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷം ലൈസൻസ് പുതുക്കി നൽകുമ്പോൾ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നൽകി ലൈസൻസ് പുതുക്കി നൽകുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യാതെ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ് സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെയോ കെട്ടിടങ്ങളുടെയോ സുരക്ഷിതത്വം മുതലായവ വിശദമായി പരിശോധിച്ച് മാത്രം ആരോഗ്യ സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകൽ കൃത്യമായി നടപ്പിലാക്കുന്നില്ല

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പട്ടികളെയോ പന്നികളെയോ വളർത്താൻ പാടുള്ളതല്ലെന്ന് പഞ്ചായത്തിന് നിശ്ചയിക്കാവുന്നതാണ്. മുദാക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2020-21 ലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം വളർത്തു നായ്ക്കളുടെ എണ്ണം 440 ആണ്. എന്നാൽ 9 പേർ മാത്രമാണ് 2020-21 സാമ്പത്തിക വർഷം നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസ് എടുത്തിട്ടുള്ളത്. കേരള പഞ്ചായത്തി രാജ് നിയമത്തിലെ പട്ടിക 3 പ്രകാരം വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുക ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഇത് കൃത്യമായി നിർവഹിക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25 ന സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കി അതിൻ പ്രകാരം ഈ സാമ്പത്തിക വർഷം മുതൽ മുഴുവൻ വളർത്തുനായ്ക്കൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിർവഹിക്കാൻ വേണ്ട നടപടികൾ നിർബന്ധമായും സ്വീകരിക്കുകയും ടി ഇനത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണ് .

സ്റ്റാറ്റസ് റിപ്പോർട്ടിൽ നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസ് എടുത്തവരുടെ എണ്ണം രേഖപ്പെടുത്തേണ്ടയിടത്ത് യാതൊരു വിധത്തിലുള്ള രേഖപ്പെടുത്തലും നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വന്നിട്ടുള്ള ക്ലറിക്കൽ പിശക് കാരണമാണ് ഇത് സംഭവിച്ചതെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുമ്പാൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ഓഡിറ്റോറിയത്തിന്റെ വാടക രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയം വാടകയ്ക്ക് നൽകിയ വകയ്ക്ക് 2020-21 സാമ്പത്തിക വർഷം 10500 രൂപയുടെ വരവുണ്ട്. എന്നാൽ ഇത് സംബന്ധിച്ചുള്ള രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ ടി തുകയുടെ ആധികാരികത പരിശോധിച്ചുറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ഓഡിറ്റോറിയം വാടക സംബന്ധമായ വിവരങ്ങൾ

| | വാടക | ഡെപ്പോസിറ്റ് |
|---|---|---|
| One Day Full | 5000 | 2000 |
| Half Day | 2500 | 1000 |

ലഭ്യമാക്കിയിട്ടുള്ള ബുക്കിംഗ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ഓരോ മാസത്തെയും ബുക്കിംഗുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | ബുക്കിംഗുകളുടെ എണ്ണം |
|---|---|---|
| 1 | ഏപ്രിൽ | 4 |
| 2 | മെയ് | 1 |
| 3 | ജൂൺ | 1 |
| 4 | ആഗസ്റ്റ് | 1 |

| | | |
|---|---|---|
| 5 | സെപ്റ്റംബർ | 2 |

ആകെ 9 ബുക്കിംഗ് ഉണ്ടായിട്ടും 10500 രൂപ മാത്രമാണ് വരവായി കാണുന്നത്. ഏതെങ്കിലും ബുക്കിംഗ് ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തൽ ഇല്ല. ഓരോ ചടങ്ങിനും എത്ര രൂപ വീതമാണ് ഈടാക്കിയതെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മുഴുവൻ തുകയും ഈടാക്കിയിട്ടുണ്ടോ എന്നുറപ്പ് വരുത്താൻ നിർവ്വാഹമില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുടെ ആധികാരികത സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിന് വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 29 ന മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക രജിസ്റ്റർ കാലികമാക്കി വരവിനത്തിൽ ലഭിക്കേണ്ട തുകകൾ ഒന്നും തന്നെ പഞ്ചായത്തിന് നഷ്ടമാകുന്നില്ല എന്നുറപ്പ് വരുത്താൻ വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

## 1-16 ആർദ്രം പദ്ധതി; ചെലവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ PHC |
| പദ്ധതി,നം | ആർദ്രം പദ്ധതി പ്രകാരം പി.എച്ച്. സി യെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നത് സംബന്ധിച്ച്. 83/21 |
| അടങ്കൽ തുക | 1000000 (തനത് ഫണ്ട്) |
| ചെലവ് തുക | 995443 (950443 )<br>86000 ചെക്ക് നം. 5520543/ 11-05-2020<br>86000 ചെക്ക് നം. 5520553/ 04-06-2020<br>86000 ചെക്ക് നം. 5520572/ 03-07-2020<br>58225 ചെക്ക് നം. 5520582/ 5-08-2020<br>48600 ചെക്ക് നം. 607864/24-08-2020<br>45000 ചെക്ക് നം. 5091407/ 14-10-2020<br>46550 ചെക്ക് നം. 5091417/ 06-11-2020<br>93935 ചെക്ക് നം. 5091430/ 10-12-2020<br>79000 ചെക്ക് നം. 5091436/ 04-01-2021<br>5133 ചെക്ക് നം. 5091441/ 16-01-2021<br>90000 ചെക്ക് നം. 5091448/ 8-02-2021<br>90000 ചെക്ക് നം. 5091456/ 04-03-2021<br>181000 ചെക്ക് നം 5091464/ 30-03-2021 |

ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രിയെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിനായി പി. എച്ച്.സി യിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ നിയമിച്ച് ഇവർക്ക് വേതനം നൽകുന്നതിനായി തനത്

ഫണ്ടിൽ നിന്നും തുക വകയിരുത്തി പദ്ധതി നിർവ്വഹിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ ചെലവ് പത്രിക പ്രകാരം ടി പദ്ധതി വഴി ചെലവഴിച്ച തുക 950443 ആണ്. എന്നാൽ ലഭ്യമാക്കിയിട്ടുള്ള സാംഖ്യ ബിൽ പ്രകാരം ആകെ ചെലവഴിച്ച തുക995443 രൂപയാണ്. 45000 രൂപയുടെ വ്യത്യാസം കാണുന്നു. ടി പൊരുത്തക്കേടിന് കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 20 ന 2 മറുപടികൾ ലഭ്യമാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതി പ്രകാരം ചെക്ക് നം. 5091407 തീ 14-10-2020 വഴി ലഭിച്ച 45000 രൂപ അന്നേ ദിവസം തന്നെ ചെലവഴിച്ചതാണെന്നും പഞ്ചായത്തിൽ നിന്നും ടി ചെലവ് സാംഖ്യയിൽ രേഖപ്പെടുത്താൻ വിട്ടുപോയത് കൊണ്ടാകാം 45000 രൂപയുടെ വ്യത്യാസം കാണുന്നത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി അറിയിച്ചിരിക്കുന്നത്. ഡി.പി.സി അനുമതി ലഭിച്ച ടി പ്രോജക്ടിൽ നിന്നും തുക ചെലവ് ചെയ്തതിന് ശേഷം ടി പ്രോജക്ടിന്റെ ഉൾക്കുറിപ്പിൽ മാറ്റം വരുത്തുന്നതിന് ഭേദഗതിയ്ക്കായി ഡി.പി.സി ക്ക് സമർപ്പിക്കുകയും പ്രോജക്ടിൽ മാറ്റം വരുത്തുന്നതിന് ഡി.പി.സി യിൽ നിന്നും പ്രോജക്ട് ഓപ്പൺ ചെയ്ത് നൽകുകയുമുണ്ടായി. മാർച്ച് 31 നുള്ളിൽ പ്രോജക്ട് അന്തിമമാക്കി സമർപ്പിക്കുന്നതിൽ വീഴ്ച സംഭവിച്ചതിനാലാണ് ഈ സാങ്കേതിക പ്രശ്നം സംഭവിച്ചതെന്നാണ് മറ്റൊരു വിശദീകരണം. ഗ്രാമ പഞ്ചായത്തിന്റെ ചെലവ് പത്രിക പൂർണവും കൃത്യവുമല്ല എന്നാണ് ഇതിൽ നിന്നും മനസിലാകുന്നത്. ഒരു സാമ്പത്തിക വർഷം നടത്തുന്ന ചെലവുകൾ എല്ലാം തന്നെ ചെലവ് പത്രികയിൽ ഉൾപെടുത്തേണ്ടതുണ്ട്. അതിനു വീഴ്ച സംഭവിച്ചിട്ടുള്ളത് ഗുരുതരമായ പിഴവാണ്. ടി വിഷയം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തി അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്

## 1-17 കിഴങ്ങു കൃഷി വികസനം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | SO105/21 |
| പ്രോജക്ടിന്റെ പേര് | കിഴങ്ങു കൃഷി വികസനം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 231940/-(വി.ഫ), |
| ചെലവ് | 231000/-ബിൽ നം.181/05.10.20 |

231 കർഷകർക്ക് കിഴങ്ങു വർഗകിറ്റ് വിതരണം ചെയ്യുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം 231000/-രൂപ കേരള അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷന് അനുവദിക്കുകയും 75 കർഷകർക്ക് പ്രോജക്ട് പ്രകാരം കിഴങ്ങു വർഗകിററ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് രേഖകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

1)കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ വ്യക്തമാക്കി കേരള അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷന് നൽകിയ പർച്ചേസ് ഓർഡർ, പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ കേരള അഗ്രോ ഇൻഡസ്ട്രിയലിൽ നിന്നും ലഭ്യമായ ഇൻവോയിസിൽ കിറ്റിൽ ഉൾപ്പെട്ട ഇനങ്ങൾ വ്യക്തമാക്കിയിട്ടില്ല.(ഇൻനം.X-229/20-21/14.09.20)

2) ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിലും കിറ്റിലെ ഇനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 10/23.06.22 ന് വരും വർഷങ്ങളിൽ മേൽ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-18 കുരുമുളക് കൃഷിവികസനം-സ്ഥലവിസ്തൃതിക്കാനുപാതികമായല്ല ആനുകൂല്യം നൽകിയത്

| | |
|---|---|
| പ്രോജക്ട് നം | SO107/21 |
| പ്രോജക്ടിന്റെ പേര് | കുരുമുളക് കൃഷിവികസനം |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 93750/-(വി.ഫ,ജനറൽ)<br>31250/-(ഗുണഭോക്തൃവിഹിതം) |
| ചെലവ് | 93750/-(ബിൽ നം.252/05.11.20)<br>31250/-(ഗുണഭോക്തൃവിഹിതം) |

1. 6.25 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിനായി 15625 കുരുമുളക് തൈകൾ വിതരണം ചെയ്യുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ പദ്ധതി.അഞ്ച് സെന്റ് ഭൂമി യുള്ള കർഷകന് ഒരു യൂണിറ്റ് (40 തൈകൾ

)നൽകാമെന്നും,മതിയായ ഗുണഭോക്താക്കളുടെ അഭാവത്തിൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതിക്കനുസരിച്ച് ഒരു ഗുണഭോക്താവിന് പരമാവധി 05 യൂണിറ്റ് (200 എണ്ണം)വരെ നൽകാവുന്നതാണെന്നമാണ് അംഗീകരിച്ച പ്രോജക്റ്റിൽ പറയുന്നത്.ആകെ 109 ഗുണഭോക്താക്കൾക്കാണ് പ്രോജക്റ്റ് പ്രകാരം ആനുകൂല്യം നൽകിയത്.എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് സ്ഥലവിസ്തൃതിക്കാനുപാതികമായല്ല ആനുകൂല്യം നൽകിയിട്ടുള്ളത്.ഗുണഭോക്തൃലിസ്റ്റിൽ 466 ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ ഇപ്രകാരം പദ്ധതി നടത്തിയതിനു കാരണം ലഭ്യമാക്കേണ്ടതാണ്.വിശദാംശം ചുവടെ-

| ക്രമ നം | പേര് | സ്ഥലവിസ്തൃതി (സെന്റ്) | നൽകാവുന്ന തൈകളുടെ എണ്ണം | നൽകിയ തൈകളുടെ എണ്ണം |
|---|---|---|---|---|
| 1 | ഷീന .വി,പ്ളാങ്കാലയിൽ വീട് | 10 | 80 | 100 |
| 2 | സീന.ആർ,എസ്. ആർ ഭവൻ | 22 | 176 | 200 |
| 3 | തങ്കമണി .എൽ | 17 | 136 | 160 |
| 4 | ആർ.വത്സല | 21 | 168 | 200 |
| 5 | വത്സലകുമാരി.ബി | 09 | 72 | 140 |
| 6 | വീണമോൾ.എസ് | 08 | 64 | 140 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 10/23.06.22ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തൈകൾ വിതരണം ചെയ്തതെന്നാണ് മറുപടി ലഭ്യമാക്കിയത്.

## 1-19 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ് , കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്. ദുരിതാശ്വാസ നിധി രൂപീകരിച്ചുകൊണ്ടുള്ള ഭരണ സമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എ.എഫ്.എസ് പരിശോധനയിൽ അപ്രകാരം ഒരു അക്കൗണ്ട് ഉള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം പഞ്ചായത്തിന് ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

## 1-20 പാഥേയം പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-150000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 88/21 |
| പദ്ധതിയുടെ പേര് | പാഥേയം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി. |
| ഫണ്ടിനം | വികസന ഫണ്ട്(ജനറൽ) |
| അടങ്കൽ | 150000 |
| ചെലവ് | 150000 |
| ബിൽ നം /തീയതി | 29/30.03.2021 |

മേൽ പദ്ധതി പ്രകാരം 60 വയസ്സിനു മുകളിൽ പ്രായമുള്ള അഗതികളായ വയോജനങ്ങൾക്ക് ഭക്ഷണം പാകം ചെയ്തു ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 150000/-രൂപ ജില്ലാ പഞ്ചായത്തിലേക്ക് നൽകിയിരിക്കുന്നു.എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/2022 നുള്ള മറുപടിയിൽ വിനിയോഗസാക്ഷ്യ പത്രത്തിനായി ജില്ലാ പഞ്ചായത്തിൽ കത്തു നൽകിയിട്ടുണ്ടെന്നു അറിയിച്ചിട്ടുണ്ട്.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 150000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-21 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-625000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 68/2021 |
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| ഫണ്ടിനം | വികസന ഫണ്ട്(ജനറൽ) |
| അടങ്കൽ | 625000/- |
| ചെലവ് | 625000/- |
| ബിൽ നം /തീയതി | 2/17.09.2020 |

4 മുതൽ 6 മാസം വരെ പ്രായമുള്ള പശുകുട്ടികളെ തിരഞ്ഞെടുത്ത് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാകുന്ന പദ്ധതിയിൽ 50% തുക ഗ്രാമപഞ്ചായത്ത് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറുന്നതാണ് പദ്ധതി.അതിൻ പ്രകാരം ഗ്രാമപഞ്ചായത്ത് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ 625000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13/22) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 625000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 അടുക്കള മുറ്റത്ത് കോഴി വളർത്തൽ-മുട്ടക്കോഴി കുഞ്ഞുങ്ങളെ പൂർണ്ണമായും വിതരണം ചെയ്തതായി വ്യക്തതയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | 250/2021 |
| പദ്ധതിയുടെ പേര് | സുഭിക്ഷ കേരളം -അടുക്കള മുറ്റത്ത് കോഴി വളർത്തൽ |
| ഫണ്ടിനം | വികസന ഫണ്ട്(ജനറൽ) |
| അടങ്കൽ | 962500/- |
| ചെലവ് | 962500/- |

മേൽ പദ്ധതി പ്രകാരം ഒരു വനിത കർഷകയ്ക്ക് 110/-രൂപ നിരക്കിൽ 5 മുട്ട കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. വിവിധ എഗ്ഗർ നഴ്സറികളിൽ നിന്നും 8750 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടുണ്ട്.ആയതിന്റെ തുക 962500 /-രൂപയാണ് (8750 X110). എന്നാൽ സ്ഥാപനം ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം 20 വാർഡുകളിലായി ആകെ 8715 മുട്ട കോഴിക്കുഞ്ഞുങ്ങളെ മാത്രമാണ് വിതരണം നടത്തിയിരിക്കുന്നത്.വാങ്ങിയ കോഴി കുഞ്ഞുങ്ങളിൽ 35 എണ്ണത്തിനു (7 ഗുണഭോക്താക്കൾക്ക് ) വിതരണം ചെയ്തതായ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/22 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-23 ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | VEO |
| പദ്ധതി,നം | ലൈഫ് മിഷൻ ഭവനപദ്ധതി(SCP) , SO231/21 |
| അടങ്കൽ തുക | 2917610- വികസന ഫണ്ട്(scp)<br>1112034- ബ്ളോക്ക് പഞ്ചായത്ത് വിഹിതം<br>576250- മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം |

| | |
|---|---|
| | ആകെ-4605894 |
| ചെലവ് തുക | 2520000- വികസന ഫണ്ട്(scp)<br>1020000- ബ്ളോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ-3540000 |

1.ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി ) എന്ന പ്രോജക്ട് പ്രകാരം ഒന്നാം ഗഡു ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | പേര്,വാർഡ് നം | കരാർ തിയതി | കൈപ്പെറ്റിയ തുക |
|---|---|---|---|
| 1 | ജനാർദ്ദനൻ.ബി,XIII | 02.11.2018 | 40000 |
| 2 | സതി.എസ്,XI | 25.10.2018 | 40000 |

ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണത്തിനായി ആദ്യ ഗഡു തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ ഇതിനായി അനുവദിച്ച 40000/-രൂപ പലിശ സഹിതം തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം -18 /25.06.22ന് ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

I)ശ്രീ.ജനാർദ്ദനൻ.ബി ഭവനനിർമ്മാണത്തിന്റെ അടിസ്ഥാനം പൂർത്തിയാക്കുകയും ആ കാലയളവിൽ മരണപ്പെടുകയും തുടർന്ന് അവകാശികൾ വീടിന്റെ പണി തുടർന്ന് ചെയ്യാൻ താത്പര്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ കമ്മിറ്റി തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുക കൂടി നൽകി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിച്ചിട്ടുണ്ട്.

Ii)ശ്രീമതി സതി.എസ് 40000/- രൂപ പലിശ സഹിതം തിരിച്ചടയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും തുക തിരിച്ചടയ്ക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-24 ഹരിത കർമ്മ സേന ഫീസ് രസീത്ബുക്കുകളുടെ സ്റ്റോക്ക് /വിതരണ രജിസ്റ്റർ ലഭ്യമാക്കിയില്ല -20700/-രൂപയുടെ ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്ട് നം | S0249/21 |
| പ്രോജക്ടിന്റെ പേര് | ഹരിത കർമ്മ സേന-വി ജി എഫ് |
| അടങ്കൽ | 495711(വികസനഫണ്ട്-ധനകാര്യ കമ്മിഷൻ ഗ്രാന്റ് ) |
| ചെലവ് ,ബിൽ നം/തീയതി | 1)36120/-ബിൽ നം.390/26.02.21<br>2)20700/-(ബിൽ നം.395/03.03.21)<br>3)1500/-(ബിൽ നം.491/30.03.21)<br>4)58500/-(ബിൽ നം.479/27.03.21)<br>5)5600/-(ബിൽ നം.394/03.03.21)<br>ആകെ -122420/- |
| നിർവഹണം | വി.ഇ.ഒ |

മേൽ പദ്ധതിയുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| ക്രമ നം | ചെലവ്തുക | ഇനം |
|---|---|---|
| 1 | 36120/- | യൂണിഫോം വാങ്ങിയത് |
| 2 | 20700/- | യൂസർ ഫീസ് രസീത് ബുക്ക്,യൂസർ ഫീ കാർഡ് എന്നിവ അച്ചടിച്ചത് |
| 3 | 60000/- | ഹരിതകർമ്മസേനാംഗങ്ങളുടെ ശമ്പളം |
| 4 | 5600/- | പ്രിന്റഡ് ക്യാപ് വാങ്ങിയത് |

| | | |
|---|---|---|
| ആകെ | 122420/- | |

80 രസീത്ബുക്കുകൾ ,10000 യൂസർ ഫീ കാർഡ് എന്നിവ പ്രിന്റ് ചെയ്ത വകയിൽ 20700/-രൂപ ശിവ ഓഫ്സെറ്റ് പ്രിന്റേഴ്സ് (ക്യാഷ് ബിൽ നം 1217/nil Dtd) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.എന്നാൽ ഇവയുടെ സ്റ്റോക്ക് /വിതരണ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ എന്ന പേരിൽ കൺസോർഷ്യം സെക്രട്ടറി ഹാജരാക്കിയ നോട്ട്ബുക്കിൽ വാർഡ് നം, രസീതു ബുക്കുകളുടെ ക്രമപ്രകാരമല്ലാത്ത നമ്പർ, തീയതി എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസ്തുത നോട്ട്ബുക്കിൽ നിന്നും സ്റ്റോക്കിലെടുത്ത രസീതുബുക്കുകളുടെ നമ്പർ, 20 വാർഡുകളിലേക്ക് വിതരണം ചെയ്തതിന്റെ വിശദാംശം, വിതരണം ചെയ്യാൻ അവശേഷിക്കുന്നവയുടെ കൃത്യത എന്നിവ പരിശോധിക്കാൻ കഴിഞ്ഞില്ല.

ഈ രസീതുകൾ ഉപയോഗിച്ച് ഹരിത കർമ്മ സേന വഴി എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്നും അവ പഞ്ചായത്തിൽ അടച്ചതിന്റെയും തുക ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല. ഓരോ വാർഡുകളിലും കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ പിരിവിന്റെ കൃത്യത ഓഫീസിൽ പരിശോധിക്കുകയോ ചെയ്തിട്ടില്ല. 80 രസീത്ബുക്കുകളും സ്റ്റോക്ക് രജിസ്റ്ററും കളക്ഷൻ രജിസ്റ്ററുകളും പിരിവു തുകയുടെ അടവിന്റെ വിശദാംശങ്ങളും സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 32/28.06.22ന് പ്രസ്തുത രേഖകൾ ഹാജരാക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെവഴിച്ച 20700/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ഹരിത കർമ്മസേനാ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

2020-21 വർഷം ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്കായി വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി "ഹരിത കർമ്മസേന വയബിലിറ്റി ഗ്യാപ് ഫണ്ട്"എന്ന പ്രോജക്ടിനായി(നംS0249/21) 122420/- രൂപ ചെലവഴിച്ചിട്ടുണ്ട്. .കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഇതിനായി 20 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ഹരിത കർമ്മസേന വഴി ശേഖരിക്കുക മാലിന്യ ശേഖരണ കേന്ദ്രങ്ങളിൽ എത്തിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

ഹരിത കർമ്മ സേന സംരംഭകർ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനും ഹരിത സംരഭകർക്കുവേണ്ടി സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ സർക്കാരിതര ഏജൻസികളുമായുള്ള ഏകോപനം, ഹരിത സംരംഭകർക്കുള്ള വിഭവങ്ങളുടെ സമാഹരണം, വൈദഗ്ധ്യ പരിശീലനങ്ങൾ നൽകൽ, പരാതി പരിഹരിക്കൽ, ഹരിത ഉപകരണങ്ങളുടെ സമാഹരണവും വിതരണവും, കമ്മിറ്റി യോഗങ്ങൾ നടത്തൽ, കണക്കുകൾ സൂക്ഷിക്കൽ, സാമ്പത്തിക ഇടപാടുകൾ എന്നിവ ഹരിത കർമ്മ സേനാ കൺസോർഷ്യത്തിന്റെ ചുമതലയിൽപ്പെടുന്നു. അറ്റൻഡൻസ് രജിസ്റ്റർ, മിനിട്ട്സ് ബുക്ക്, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഹരിത കൺസോർഷ്യത്തിന്റെ കണക്കുകൾ കൺസോർഷ്യം സെക്രട്ടറി എഴുതുകയും സമിതിയുടെ പൊതുയോഗത്തിൽ കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതാണ്.ഇപ്രകാരമുള്ള നടപടിക്രമങ്ങളൊന്നും പഞ്ചായത്തിൽ നടന്നിട്ടില്ല.

മാർഗ്ഗരേഖ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് വാർഡുകളിൽ നിന്നും മാലിന്യ ശേഖരണത്തിനായി യൂസർ ഫീസ്, അജൈവ മാലിന്യം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിലൂടെ വരുമാനം, ആഘോഷങ്ങളും ഉത്സവങ്ങളും മറ്റ് പരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്നതിലൂടെയുള്ള വരുമാനം, ഹരിത ഉപകരണങ്ങളുടെ വിൽപ്പനയും സർവ്വീസും, പൊതു മാലിന്യ സംവിധാനങ്ങളുടെ നടത്തിപ്പ്, കാർഷിക സേനയായി പ്രവർത്തിക്കുന്നതിൽ നിന്നുള്ള വരുമാനം എന്നിങ്ങനെ വിവിധങ്ങളായ വരുമാന സ്രോതസ്സുകൾ വിഭാവനം ചെയ്തിട്ടുണ്ട്.എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങളൊന്നും പഞ്ചായത്തിൽ നടന്നിട്ടില്ല.

ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി മോണിട്ടർ ചെയ്യപ്പെടുന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം മോണിറ്റർ ചെയ്യേണ്ടതും ഹരിത സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സംരഭകത്വത്തിൽ നിന്നും സേവനങ്ങൾ നൽകുന്നതിൽ നിന്നുമുള്ള വരുമാനം കൂടി ലഭ്യമാക്കാൻ സംരംഭകരെ പ്രാപ്തമാക്കേണ്ടതുമാണ്.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഹരിതകർമ്മ സേന അംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും,മാർഗരേഖപ്രകാരമുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച ബോധവൽക്കരണ ക്ളാസുകളും നൽകേണ്ടതാണ്.

സ.ഉ(സാധാ)നം.1496/2020/തസ്വ ഭവ തീയതി 12.08.2020 ഹരിതകർമ്മസേന -പ്രവർത്തനമാർഗരേഖ ഖണ്ഡിക20പ്രകാരം ഹരിതകർമ്മസേന/ ഹരിതകൺസോർഷ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതും പഞ്ചായത്ത് സെക്രട്ടറി,നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവർ മോണിറ്റർ

ചെയ്യേണ്ടതുമാണ്.കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ കൂടുവാനും അവയുടെ മിനിട്ട്സ് രേഖപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.01.07.2021 ൽ ക്ളീൻ കേരള മിഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.കരാറിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവ ഖ. 13.1പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ് അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ആയതു പ്രകാരം തയ്യാറാക്കിയ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 32/28.06.22ന് ഹരിതകർമ്മസേനയുടെ പ്രാരംഭഘട്ടമായതിനാലാണ് മേൽ പരാമർശിച്ച കാര്യങ്ങളൊന്നും പ്രാവർത്തികമാക്കാൻ കഴിയാത്തതെന്നും വരും വർഷങ്ങളിൽ മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും പ്രസ്തുത രേഖകൾ ഹാജരാക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-26 വി. ഇ. ഒ. നടപ്പിലാക്കിയ വിവിധപദ്ധതികളുടെ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിരിക്കുന്ന രേഖകൾ അപൂർണ്ണം

1.വിഇഒ നടപ്പിലാക്കിയതും കരാറുകൾ ചമയ്ക്കേണ്ടതുമായിട്ടുള്ള പദ്ധതികളുടെ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിരിക്കുന്ന ഗുണഭോക്താക്കളുമായി ചമച്ച കരാറുകൾ അപൂർണ്ണമാണ്.വ്യക്തിയുടെ വിവരങ്ങളും പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താവ് പാലിക്കേണ്ട കാര്യങ്ങളും രേഖപ്പെടുത്താതെ കരാർ ചമച്ചത് ഭാവിയിൽ സ്വീകരിക്കേണ്ടി വരാവുന്ന നടപടികൾക്ക് തടസ്സമുണ്ടാക്കുന്നു. കുറ്റമറ്റവിധത്തിൽ കരാറുകൾ ചമയ്ക്കാൻ വിഇഒ നടപടി സ്വീകരിക്കേണ്ടതാണ്.

2.വാല്യുവേഷൻ ആവശ്യമായ പദ്ധതികളുടെ അപേക്ഷകളോടൊപ്പം ലഭ്യമാക്കിയ എൽ എസ് ജി ഡി ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണെന്നോ,അവയുടെ മൂല്യം എത്രയാണെന്നോ വിശദമായി രേഖപ്പെടുത്തിയിട്ടില്ല. .ആയതിനാൽ കൈമാറിയ തുക ഉപയോഗിച്ച് ചെയ്തിട്ടുള്ള നിർമ്മാണ പ്രവൃത്തി എന്താണെന്നത് രേഖകൾ പ്രകാരം വ്യക്തമല്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 18 /25.06.22ന് വരുംവർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-27 സംയുക്ത പ്രോജക്ട് മാർഗ്ഗരേഖ പാലിച്ചില്ല;-

സംയുക്തപ്രേജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട സ.ഉ (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

വികസനഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം,സംസ്ഥാനാവിഷ്കൃതവിഹിതം എന്നിവ അടങ്കൽ വച്ചിരുന്ന പദ്ധതിയിൽ ആനുപാതികമായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം, എന്നിവ ചെലവഴിച്ചിട്ടില്ല. സംയുക്ത പ്രോജക്ടിനായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.

പഞ്ചായത്ത് വിഹിതത്തിനു പുറമെ ജില്ലാ ബ്ളോക്ക് പഞ്ചായത്ത് വിഹിതം തുകകൾ കൂടി ഉൾപ്പെടുത്തി VEOനടപ്പിലാക്കിയ സംയുക്ത പദ്ധതികളുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു-

| | | | ഫണ്ടിനം | | | |
|---|---|---|---|---|---|---|
| ക്രമ നം | പദ്ധതിയുടെ പേര് ,നം | അടങ്കൽ/ചെലവ് വിവരം | വികസന ഫണ്ട് | ബ്ളോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഓഡിറ്റ് എൻക്വയറി നം 18/25.06.22ന് ലഭ്യമാക്കിയ മറുപടി |
| 01 | ലൈഫ് മിഷൻ ഭവനപദ്ധതി(ജനറൽ) , SO230/21 | അടങ്കൽ | 652001 | 703795 | 591075 | ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുക ലഭ്യമായില്ല. |
| | | ചെലവ് | 560000 | 700000 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| 02 | ഊരുപൊയ്ക ലക്ഷം വീട് കോളനി-സമഗ്രവികസനം (223/21) | അടങ്കൽ | 2703760 | 1351880 | 2703760 | സമയബന്ധിതമായി ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാത്തതിനാൽ ബ്ളോക്ക് വിഹിതം ചെലവഴിക്കാൻ സാധിച്ചിട്ടില്ല.വരും വർഷം സ്പിൽ ഓവർ ആയി ഉൾപ്പെടുത്തി ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| | | ചെലവ് | 1500000 | 0 | 1100000 | |
| 03 | ലൈഫ് മിഷൻ ഭവനപദ്ധതി(SCP) , SO231/21 | അടങ്കൽ | 2917610 | 1112034 | 576250 | ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുക ലഭ്യമായില്ല. |
| | | ചെലവ് | 2520000 | 1020000 | 0 | |

ജില്ലാ,ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയ തുക ലഭ്യമാകാത്തതു സംബന്ധിച്ചും ,ലഭ്യമായ തുക വിനിയോഗിക്കാത്തതു സംബന്ധിച്ചും ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 1-28 തെരുവു വിളക്ക് പരിപാലനം-അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | ഇലക്ട്രീഷ്യന്റെ വേതനം |
| പദ്ധതി നമ്പർ | 121 |
| പദ്ധതി അടങ്കൽ | 300,000 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 167465 (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

A.മേൽ പ്രോജക്റ്റിന്റെ ഭാഗമായി സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് ജനറൽ കമ്മിറ്റിയുടെ 12/7/18 ലെ4(1) നം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു പോസ്റ്റ് റിപ്പയറിംഗിന് 75 രൂപ നിരക്കിൽ ശ്രീ.സുനിൽകുമാർ,വാസുദേവപുരം എന്ന വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടു.തുടർന്ന് 2019-20 ,2020-21 വർഷങ്ങളിൽ കരാർ പുതുക്കി ടിയാനെ തന്നെ നിയമിക്കുകയുമാണ് ചെയ്തിട്ടുള്ളത്. 2020-21 വർഷം ടിയാന് തന്നെ കരാർ നല്കാൻ തീരുമാനിച്ച 22-7-20 ലെ ജനറൽ കമ്മിറ്റി തീരുമാനത്തിൽ (നം3-9), ടിയാൻ പൊതുജനങ്ങൾക്ക് പരാതിയുണ്ടാകാത്ത വിധം പ്രവൃത്തി ചെയ്യുന്നതിനാലാണ് ഇപ്രകാരം2018-19 മുതൽ തുടർച്ചയായി മൂന്നാം വർഷവും ടിയാന് കരാർ നല്കുന്നത് എന്ന് പറയുന്നു. എന്നാൽ ടിയാനുമായി 2020-21 വർഷം ഒപ്പുവച്ച കരാർ ഓഡിറ്റിനു ലഭ്യമാക്കിയില്ല.പദ്ധതി നിർവ്വഹണത്തിന്റെ തിരക്കുകൾ കാരണം ടിയാനുമായി കരാർ വയ്ക്കാൻ വിട്ടു പോയതായി ഓഡിറ്റ് എൻക്വയറിക്കു (നം.7) നല്കിയ മറുപടിയിൽ പറയുന്നു.ആയത് ഗുരുതരമായ വീഴ്ചയാണ്. PWD മാനുവൽ പ്രകാരം ഒരു ലക്ഷം രൂപയിൽ അധികം ചെലവു വരുന്ന പ്രവൃത്തികൾക്ക് ടെണ്ടർ നടപടി സ്വീകരിക്കണം എന്ന് നിഷ്കർഷിക്കുന്നു. തൻവർഷം ടെണ്ടർ നടപടി സ്വീകരിച്ചാൽ മറ്റാരും തന്നെ മേല്പറഞ്ഞ നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യാൻ സാധ്യതയില്ല എന്നും,ടിയാനെക്കാൾ

ഭംഗിയായി പ്രവൃത്തിയായി നിർവ്വഹിക്കാൻ സാധ്യതയില്ല എന്നും ഉള്ള നിഗമനത്തിൽ ജനറൽ കമ്മിറ്റി എത്തിച്ചേർന്നത് എന്തടിസ്ഥാനത്തിലാണ് എന്നും വ്യക്തമല്ല. അതിനാൽ ടെണ്ടർ നടപടി സ്വീകരിക്കാതെ തുടർച്ചയായി മൂന്നാം വർഷവും ഒരേയാൾക്ക് കരാർ നല്കിയത് ചട്ട വിരുദ്ധമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

07.11.2017 ലെ സർക്കാർ സർക്കുലർ നം.177/ഡി.എ3/2016 തസ്വഭവ, ക്രമ നം. 4 പ്രകാരം കോൺട്രാക്റ്ററുടെ ഉത്തരവാദിത്വത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനായി ഏതെങ്കിലും സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയുമായി ധാരണ എത്താവുന്നതും ലൈസൻസിനൊപ്പം ഇൻഷ്വറൻസ് രേഖയും ഹാജരാക്കേണ്ടതുമാണ്. എന്നാൽ മേൻ പദ്ധതി ഫയലിനോടൊപ്പം ഇൻഷ്വറൻസ് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി രേഖകൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ മേൽ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

.

## 1-29 വാഹന പരിപാലനം-അപാകങ്ങൾ

1)KL-16-G-6563 എന്ന നമ്പർ ബൊലേറോ ആണ് മുദാക്കൽ ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം.ടി വാഹനത്തിന്റ ലോഗ് ബുക്കിൽ കോളം നമ്പർ 11 ൽ വാഹനത്തിന്റെ ഓരോ യാത്രയുടെയും അകെ ദൂരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാഹനത്തിന്റെ ഇന്ധന ഉപഭോഗം നിയന്ത്രണോദ്യോഗസ്ഥൻ എങ്ങനെ നിരീക്ഷിച്ചു എന്ന് വ്യക്തമല്ല.

2) സ.ഉ(പി)നം.803/70/ഫിൻ തിയതി 13-11- 1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ അനുബന്ധം 2 പ്രകാരം ഉള്ള മാതൃകയിൽ അല്ല ലോഗ് ബുക്ക് സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടുള്ളത്. വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. മിക്ക മാസങ്ങളിലും ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

3)സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ ,ചട്ടം- 1 ഖണ്ഡിക-3 പ്രകാരം നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

- ലോഗ് ബുക്ക് എൻട്രികളുടെ കാർബൺ പകർപ്പുകളുടെ ഫയൽ (ഓരോ വാഹനത്തിനും ഓരോ മാസവും പ്രത്യേകം ഫയലുകൾ).
- അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ, സ്പെയർ പാർട്സുകൾ മുതലായവയുടെ വിവരം ചെലവ്, തിയതി എന്നിവ സഹിതം രേഖപ്പെടുത്തിയ റെക്കോർഡ്.പെട്രോളിൻറെ വില മുതലായവയും ഉപയോഗവും അനാമത്ത് വരവ്-ചെലവുകളും രേഖപ്പെടുത്തിയ രജിസ്റ്റര്
- വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ

4)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(എം.എസ്)നം.170/07/തസ്വഭവ തിയതി 30-06-2007പ്രകാരം ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച മുൻ അർദ്ധ വർഷത്തെ വാഹനം സംബന്ധിച്ച വരവ് ചെലവ് കണക്കുകളുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5.ലോഗ് ബുക്കിന്റെ വലതു ഭാഗത്തുള്ള ഫ്യുവൽ അക്കൗണ്ട് പൂരിപ്പിക്കുകയോ,വാഹനത്തിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ, വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ ആയതു സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(ഉദാ:വൗച്ചർനം.22000233, പ്രകാരം 10605/- രൂപ ഇന്ധനം നിറയ്ക്കുന്നതിനായി ചെലവ് ചെയ്തിട്ടുണ്ട്)

6)ആറു മാസത്തിലൊരിക്കൽ ഫിറ്റ്നസ് ടെസ്റ്റ് , മൈലേജ് ടെസ്റ്റ് ,പുക മലിനീകരണ സർട്ടിഫിക്കറ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് .ആയവ ലഭ്യമാക്കിയിട്ടില്ല.

7)പ്രസിഡന്റ് നടത്തിയ യാത്രകൾക്ക് ലോഗ് ബുക്കിൽ കൃത്യമായി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ അപകങ്ങൾ സംബന്ധിച്ച് നൽകിയഓഡിറ്റ് എൻക്വയറി നം - 27ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ടി അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-30 അസറ്റ് രജിസ്റ്റർ കാലികമല്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി, സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ

ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.

1.മുദാക്കൽ ഗ്രാമ പഞ്ചായത്തിലെ അയിലംകുന്നത്ത് റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ ജനറൽ കമ്മിറ്റിയുടെ 9-10-20 ലെ 6-3 നം തീരുമാനപ്രകാരം അസി.എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

2.പാറയിൽ അംഗനവാടി നിർമ്മാണത്തിനായി ശ്രീ.കെ,രവീന്ദ്രൻ,ശ്രീമതി.സുധ എന്നിവർ വിട്ടുനല്കിയ ഭൂമി ലാന്റ് റെലിൻക്വിഷ്മെന്റ് നടപടി പൂർത്തിയായതായി ജനറൽ കമ്മിറ്റിയുടെ 16-6-20 ലെ 22(1) നം തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

എന്നാൽ സൃഷ്ടിച്ച ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 3) ലഭ്യമാക്കിയ മറുപടിയിൽ അസി.എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വവൽ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജി (AMS), അസറ്റ് മാനേജ് മെന്റ് പ്ലാനം (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.അസറ്റ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

## 1-31 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. 2118504 രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹിച്ച വിവിധ പ്രവൃത്തികൾക്കായി KWA, ശുചിത്വ മിഷൻ, ബ്ളോക്ക് പഞ്ചായത്ത്എന്നിവിടങ്ങളിൽ ഗ്രാമ പഞ്ചായത്ത് തുക/വിഹിതം നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി ,വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. .

ഓഡിറ്റ് എൻക്വയറി നം 4 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല

| ക്രമ നം | പ്രോജക്ട് നം/പേര് | നിർവ്വഹണ ഏജൻസി. | വിനിയോഗം ലഭ്യമാക്കിയ തുക.(രൂ) | റിമാർക്ക് |
|---|---|---|---|---|
| 1 | 111, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | KWA | 1418504 | വിവിധ ബില്ലുകളിലായി ആകെ 3523600 രൂ.KWAക്ക് നൽകിയതിൽ 2105096 രൂപയ്ക്കു മാത്രമേ (10/5/22)UC ലഭ്യമാക്കിയിട്ടുള്ളൂ. |
| 2 | 146,മെഡിക്കൽ കോളേജ് മാലിന്യ നിർമ്മാർജ്ജന പ്ളാന്റ് പഞ്ചായത്ത് വിഹിതം | ശുചിത്വമിഷൻ | 500000 | ബിൽ നം.292/1-12-20 |
| 3 | സുരക്ഷാ പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം | ചിറയിൻകീഴ് ബ്ളോക്ക് പഞ്ചായത്ത്. | 200000 ആകെ | ബിൽനം.10/15-7-20 2118504. |

20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശം പാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് 2020-21 | | പ്രോജക്ട് നം 90 കേദാരം | 0 | 127500 | 127500 | 0 |
| | | പ്രോജക്ട് നം 230 ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 0 | 700000 | 700000 | 0 |
| | | പ്രോജക്ട് നം 231 ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) | 0 | 1020000 | 1020000 | 0 |
| | | പ്രോജക്ട് നം 119 സ്നേഹസ്പർശം | 0 | 440985 | 440985 | 0 |
| | | പ്രോജക്ട് നം 92 ക്ഷീരസമൃദ്ധി (ജനറൽ) | 0 | 144806 | 144806 | 0 |
| | | പ്രോജക്ട് നം 94 ക്ഷീരസമൃദ്ധി (വനിത) | 0 | 311489 | 311489 | 0 |
| | | പ്രോജക്ട് നം173 ക്ഷീരസമൃദ്ധി (വനിത) | 0 | 50000 | 50000 | 0 |
| | | പ്രോജക്ട് നം 174 ക്ഷീരസമൃദ്ധി (ജനറൽ) | 0 | 117120 | 117120 | 0 |
| ആകെ | | | 0 | 2911900 | 2911900 | 0 |
| ജില്ലാ പഞ്ചായത്ത് 2020-21 | | പ്രോജക്ട് നം 90 കേദാരം | 0 | 127500 | 127500 | 0 |
| | | പ്രോജക്ട് നം 176 ഹരിതഭവനം | 0 | 56000 | 56000 | 0 |
| | | പ്രോജക്ട് നം 233 ഊര്പെയ്ക്ക ലക്ഷം വീട് കോളനി-സമഗ്ര വികസനം (എസ്.സി.പി) | 0 | 1100000 | 1100000 | 0 |

| | | | | | |
|---|---|---|---|---|---|
| | പ്രോജക്ട് നം 119 സ്നേഹസ്പർശം | 0 | 440985 | 440985 | 0 |
| | പ്രോജക്ട് നം 94 ക്ഷീരസമൃദ്ധി (വനിത) | 0 | 50000 | 50000 | 0 |
| | പ്രോജക്ട് നം 92 ക്ഷീരസമൃദ്ധി (ജനറൽ) | 0 | 20000 | 20000 | 0 |
| ആകെ | | | 1794485 | 1794485 | |

നീക്കിയിരിപ്പ് വിവരങ്ങൾ

| | 19-20 B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 20-21 RP 7/30 പ്രകാരമുള്ള വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | നീക്കിയിരിപ്പ് | 20-21 B4 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 1392521 | 1794485 | 3187006 | 1794485 | 1392521 | 1392521 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 4966182 | 1064400 | 6030582 | 2911900 | 3118682 | 3083208 |

2019-20 സാമ്പത്തിക വർഷത്തെ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ നീക്കിയിരിപ്പ് B4 Schedule പ്രകാരം 4966182/-രൂപയാണ് (4366182 + 600000) .തൻവർഷത്തെ വരവ് 1064400/-(RP 7)രൂപയും.ആകെ 6030582/-രൂപയും .തൻ വർഷത്തെ ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരം 2911900/-രൂപയാണ്.അതിൻപ്രകാരമുള്ള നീക്കിയിരിപ്പ് 3118682/- രൂപയാണ് വരേണ്ടത് .എന്നാൽ തൻ വർഷത്തെ നീക്കിയിരിപ്പ് B4 Schedule പ്രകാരം 3083208/- രൂപയാണ് .35474/- രൂപയുടെ വ്യത്യാസം.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 22/2022 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പ്രോജക്ട് നം 130 പഞ്ചായത്ത് ഓഫീസ് അനുബന്ധ സ്ഥാപനങ്ങൾക്കുള്ള വാട്ടർ കണക്ഷൻ<br>പ്രോജക്ട് നം 111 പൈപ്പ് ലൈൻ നീട്ടൽ | 54714<br>3523600 | --<br>-- | 54714<br>3523600 |

നീക്കിയിരിപ്പ് വിവരങ്ങൾ

| | 19-20 | 20-21 | ആകെ | ചെലവ് | നീക്കിയിരിപ്പ് | 20-21 B-18 |
|---|---|---|---|---|---|---|

| | B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | വർഷത്തെ നിക്ഷേപം | | | | ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| KWA | 5170663 | 3578314 | 8748977 | -- | 8748977 | 8748977 |
| KSEB | 2991739 | 0 | 2991739 | -- | 2991739 | 2991739 |
| GWD | 130558 | 0 | 130558 | -- | 130558 | 130558 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | നൽകിയ ഏജൻസി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച് തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | KURDFC | 17565601 | 0 | 1535882 | 16029719 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം/തീയതി |
|---|---|---|---|---|---|
| 1 | 2012-13 | 3.2 | 2734 | ശ്രീ.റഫീക്ക് | 1200100644 11/11/2020 |
| 2 | 2012-13 | 3.2 | 2734 | ശ്രീമതി.സരസ്വതി അമ്മ | 1200100893 19/11/2020 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 31961553 |
| ഓഡിറ്റ് വർഷത്തെ വരവ് | 110145287 |
| ആകെ | 142106840 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 112089153 |
| നീക്കിയിരിപ്പ് | 30017687 |
| വരവിനങ്ങളുടെ നഷ്ടം | -- |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2914204 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 150000 | സജ്ജാദ്.എസ്.എസ്<br>അസി.സെക്രട്ടറി |
| 1-21 | 625000 | ഡോ.ഡാലിയ.എം.ജി<br>വെറ്ററിനറി സർജൻ |
| 1-24 | 20700 | ശ്രീ സുബി സുകുമാരൻ<br>വി.ഇ.ഒ സർക്കിൾ 1 |
| 1-31 | 2118504 | ശ്രീമതി.അനിലകുമാരി.കെ.പി<br>സെക്രട്ടറി |

*ഡി)* കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

*(ഇ)* നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

*(എഫ്)*റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | സജ്ജാദ്.എസ്.എസ്<br>അസി.സെക്രട്ടറി | വെട്ടൂർ ഗ്രാമപഞ്ചായത്ത് | ആസാദ് മൻസിൽ,<br>പറയത്തുകോണം പി.ഒ<br>കിഴുവിലം |
| 2 | ഡോ.ഡാലിയ.എം.ജി<br>വെറ്ററിനറി സർജൻ | കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് | സന്തോഷം ഗാർഡൻസ്<br>തോന്നയ്ക്കൽ പി.ഒ |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം |
| 3 | ശ്രീ സുബി സുകുമാരൻ<br>വി.ഇ.ഒ സർക്കിൾ 1 | മുദാക്കൽ ഗ്രാമപഞ്ചായത്ത് | സുജ ഭവൻ<br>എൻ.ആർ.എ.സി.42<br>ചെറുവയ്ക്കൽ.ശ്രീകാര്യം<br>പി.ഒ |
| 4 | ശ്രീമതി.അനിലകുമാരി.കെ.പി<br>സെക്രട്ടറി | മുദാക്കൽ ഗ്രാമപഞ്ചായത്ത് | സ്വാതി<br>നെല്ലിമൂട്,മുരുക്കുംപുഴ.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം , ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|---|
| | | | |
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 3, ഖ.31(1), 31(2), 32 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 1 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2018/ തീയതി 8.06.2018 | 2, ഖ.3-4, 3-10 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2018/ തീയതി 8.06.2018 | 3, ഖ.3-6, 3-9(2), 3-11(2) | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2018/ തീയതി 8.06.2018 | 6 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 5 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 4, ഖ.3-4, 3-6(എ), 3-6(ബി), 3-8 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 6 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 6, ഖ.3-2, 3.5, 3.7, 3.8, 3-10, 3.11 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 6 | |

| | | | |
|---|---|---|---|
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 2 | |
| 2015-16 | കെ. എസ് .എ .റ്റി. വി. എം.ജി .പി8 /876/18 തീയതി 10/05/2018 | 6, ഖ.2.1, 2.2, 2.4, 3.5, 3.10, 3.11 | |
| 2016-17 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2379/17 തീയതി 17/01/2018 | 13 | |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/315/19 തീയതി 03/04/2019 | 18 | |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1158/2019 തീയതി 17.8.2019 | 43 | |
| 2019-20 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1749/2021 തീയതി 12.1.22 | 28 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്